# പരമ്പരാഗത കേരളത്തിന്റെ കാർഷികജ്ഞാനം



നാലാമത്
ഡോ. കെ. എൻ. ശ്യാമസുന്ദരൻ നായർ
മെമ്മോറിയൽ എൻഡോവ്മെന്റ് ലക്ചർ
കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി
തൃശ്ശൂർ

KAU LIBRARY
810401
IR 630 RAJ/PA

ഡോ. രാജൻ ഗുരുക്കൾ
വൈസ് ചാൻസലർ
എം. ജി. സർവ്വകലാശാല

പ്രിയദർശിനി ഹിൽസ് പി.ഒ.
കോട്ടയം, കേരള

2009

810401

# പരമ്പരാഗത കേരളത്തിന്റെ വേരറ്റുപോയ കാർഷികജ്ഞാനം

നാലാമത് ഡോ. ശ്യാമസുന്ദരൻ നായർ മെമ്മോറിയൽ എൻഡോവ്മെന്റ് ലക്ചർ നടത്താൻ എന്നെ ക്ഷണിച്ച കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയോട് ഞാൻ കടപ്പെട്ടിരിക്കുന്നു. കാരണം എനിക്കിതൊരംഗീകാരമാണ്, ബഹുമതിയാണ്. ഡോ. ശ്യാമസുന്ദരൻ നായരുമായി രണ്ടുദശാബ്ദക്കാലത്തെ സൗഹൃദമുണ്ടായിരുന്നു എനിയ്ക്ക്. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ഒരു പ്രഭാഷണം ചെയ്യാൻ ലഭിച്ച അവസരത്തിനു സംഘാടകരോട് ഞാൻ നന്ദി പറയുന്നു. പരമ്പരാഗത കാർഷികജ്ഞാനത്തെപ്പറ്റിയാണെന്റെ പ്രഭാഷണം. സുസ്ഥിരവികസനത്തിൽ തൽപരനായിരുന്ന ഒരു കാർഷികസമ്പദ് ശാസ്ത്രജ്ഞനുവേണ്ടി ഒരു ചരിത്രവിദ്യാർത്ഥിക്ക് മറ്റെന്തു വിഷയമാണ് സമർപ്പിക്കാനാവുക?

പഴയസമ്പ്രദായത്തെക്കുറിച്ച് പറയുന്നത് ഒരു പുനരുദ്ധാരണപദ്ധതിയുടെ ഭാഗമായല്ല. നോർമൻ ബൊർലോഗിന്റെ സംഭാവനയെയും ഹരിതവിപ്ലവനേട്ടങ്ങളെയും വിസ്മരിച്ചു ഗതകാലശീലങ്ങളെ വാഴ്ത്തുന്ന പതിവു റൊമാൻസിന്റെ ഭാഗമായും അല്ല. കൃഷിയുടെ ഇന്നത്തെ സയൻസിനെ ചെറുതാക്കാനോ അധുനാതന കാർഷിക മേഖലയുടെ ഉപാധികളും സങ്കേതങ്ങളും വെടിഞ്ഞ് കൃഷിക്കാരോട് ചരിത്രത്തിലേക്ക് തിരിച്ചുനടക്കണമെന്നപേക്ഷിക്കാനോ അല്ല പാരമ്പര്യത്തിലേക്കു തിരിയുന്നത്. ആനുകാലിക കൃഷിരീതികളഭിമുഖീകരിക്കുന്ന സങ്കീർണ്ണ സമസ്യകൾ പരിഹരിക്കാൻ പഴയസമ്പ്രദായങ്ങളുടെ വിശകലനം സഹായകമായേക്കും. അതിനുള്ള ഉപാദാനശേഖരണത്തിന്റെ സാമൂഹ്യശാസ്ത്ര പ്രവർത്തനമായി മാത്രം ഈ പ്രഭാഷണത്തെ കണ്ടാൽ മതി. കടും കൃഷിയുടെ അനിവാര്യത ഒരുവശത്ത്, അതിന്റെ പാരിസ്ഥിതികാഘാതം മറുവശത്ത്. ഈ നിലനില്പില്ലായ്മയാണ് നമ്മുടെ പ്രതിസന്ധി. വളർച്ചയുടെ മറികടക്കാനാവാത്ത പരിമിതിയാണിത്. സയൻസും സാങ്കേതിക വിദ്യയും എൻട്രോപ്പിക്ക് പരിഹാരം കാണുന്നില്ല. നിലനിർത്തിക്കൊണ്ടുപോകാവുന്ന സമ്പ്രദായങ്ങളെക്കുറിച്ച് ചിന്തിക്കാതെ നിർവ്വാഹമില്ലെന്നു വിന്നിരിക്കുന്നു. അപ്പോൾ പഴമയിൽ പുതുമയുടെ നാമ്പുകൾ അന്വേഷിക്കാൻ തോന്നും.

അകത്തുനിന്നും പുറത്തുനിന്നുമുള്ള സമ്മർദങ്ങളുടെ ഫലമായി ക്രമേണ പെരുകിപ്പരന്ന കൃഷിയുടെ ചരിത്രം സുദീർഘമാണ്. ആ നീണ്ടപ്രക്രിയയിൽ കേരളത്തിന്റെ വ്യത്യസ്തങ്ങളായ ഭൂപ്രകൃതിയിലും കാലാവസ്ഥയിലും വ്യാപരിച്ച് തെറ്റിയും തിരുത്തിയും നിരീക്ഷിച്ചും പരീക്ഷിച്ചും തലമുറ തലമുറകളായി നാട്ടറിവുണ്ട്. പ്രവൃത്തി പരിചയവും അനുഭവജ്ഞാനവും വഴിയായി കൈവന്ന ആ നാട്ടറിവാണ് പണ്ട് കാർഷിക വൃത്തിക്കാസ്പദമായി പ്രയോഗത്തിലിരുന്നത്. വ്യത്യസ്ത പരിസ്ഥിതികൾക്കുചേർന്ന വൈവിധ്യമാർന്ന കൃഷിരീതികൾ സുഗമമാക്കിത്തീർത്ത സാമൂഹികമായ ഇത്തരം അറിവുകൾ നാട്ടുനടപ്പിന്റെ രൂപത്തിലാണല്ലോ പ്രയോഗത്തിൽവരിക. നാട്ടുനടപ്പിലടങ്ങിയ അറിവിന്റെ തരികൾ ചൊല്ലുകളായും പാട്ടുകളായും വാമൊഴിവഴക്കങ്ങളായി നാട്ടിൽ പ്രചരിക്കും. ഈ ചൊൽക്കെട്ടുകളിലാണ് നാട്ടറിവ് സംരക്ഷിക്കപ്പെടുന്നത്. ഇത് കൃഷിയുടെ നാട്ടറിവിന്റെ കാര്യം മാത്രമല്ലെന്ന് ചുരുക്കം.

വാമൊഴി വഴക്കത്തിന്റെ കർത്താവിനെയും കാലത്തെയും തേടി പോയിട്ടു കാര്യമില്ല. അതിന്റെ ചരിത്രസന്ദർഭങ്ങൾക്കാണ് കൂടുതൽ അർത്ഥവത്തായ രീതിയിൽ കാലത്തെ അഭിവ്യഞ്ജിപ്പിക്കാൻ കഴിയുക. പരമ്പരാഗത ഗ്രാമീണ കേരളമാണ് നാം പറഞ്ഞുവരുന്ന കാർഷികവിജ്ഞാനത്തിന്റെ ചരിത്രസന്ദർഭം. പെരുമാൾ വാഴ്ചക്കാലം മുതൽ കോളനിവാഴ്ച വരെയുള്ള ഒരു നീണ്ട കാലഘട്ടത്തിന്റെ അനുഭവജ്ഞാനമാണ് നാട്ടറിവിൽ ഊറിക്കിടക്കുന്നത്. അനേകം നൂറ്റാണ്ടുകൾക്കിടയിൽ ഈട്ടം കൂടിക്കൂടി വരുന്ന അറിവുകൾ ഉൾക്കൊണ്ട് അത് വികസിക്കുന്നു. ഗുരുമുഖത്തുനിന്ന് പുറപ്പെടുന്ന ഉപദേശം പോലെ സർവാദരണീയമാണത്. കാര്യകാരണബന്ധങ്ങളെ ആസ്പദമാക്കി വിശദീകരിക്കുന്ന രീതി അതിൽ കാണുകയില്ല. കണ്ണുംപൂട്ടി അനുസരിക്കേണ്ട വിധിനിഷേധങ്ങളുടെ രൂപമാണതിനുള്ളത്.

മനുഷ്യൻ നിലനില്പിനുവേണ്ടി പ്രകൃതിയുമായി ഇടപഴകുമ്പോഴാണ് അറിവു വാർന്നുവീഴുന്നത്. ഒരുവശത്ത് അത് പ്രകൃതിയെക്കുറിച്ചുള്ള അറിവാണ്. മറുവശത്ത് ആ ഇടപഴക്കത്തിന്റെ ഊടുപാടുകളെക്കുറിച്ചുള്ള അറിവും. കൃഷിയുടെ അറിവിൽ പ്രകൃതിജ്ഞാനവും പ്രയത്നജ്ഞാനവുമാണ് ഉള്ളടങ്ങുന്നത് എന്നു സാരം. പ്രകൃതിജ്ഞാനത്തിൽ മണ്ണിനെക്കുറിച്ചും കാലാവസ്ഥയെക്കുറിച്ചും നീർപ്പറ്റിനെക്കുറിച്ചും വളക്കൂറിനെക്കുറിച്ചും മറ്റുമുള്ള അറിവടങ്ങുന്നു. പ്രയത്നജ്ഞാനത്തിലാകട്ടെ ഉപകരണങ്ങളുടെയും വിളകളുടെയും ഊടുപാടറിഞ്ഞുള്ള പ്രയോഗത്തിന്റെ അറിവാണ് ഉള്ളടക്കം. ഈ ജ്ഞാനസമുച്ചയത്തിന്റെ ശകലങ്ങൾ നിരവധി പഴഞ്ചൊല്ലുകളിൽ ചിതറിക്കിടപ്പുണ്ട്. പൗളിനോസു പാതിരിയും ഡോക്ടർ ഗുണ്ടർട്ടും ശേഖരിച്ച പഴഞ്ചൊല്ലുകൾ പരിശോധിച്ചാൽത്തന്നെ ഇക്കാര്യം ബോധ്യമാകും. 1934 ൽ മദിരാശി കൃഷി വകുപ്പിൽനിന്ന് പ്രസിദ്ധംചെയ്ത ഒരുസമാഹാരത്തിൽ കൃഷിയുമായി നേരിട്ടുബന്ധപ്പെട്ട മലയാളം പഴഞ്ചൊല്ലുകൾ മാത്രമാണ് ഉള്ളടക്കം.

| | | |
|---|---|---|
| പൊതുവിഷയം | : | 51 (അതിൽ 10 എണ്ണം കൃഷി) |
| കാലാവസ്ഥ | : | 44 (കാലപ്രവചനം 24) |
| വിത്ത് | : | 31 |
| ഉപകരണം | : | 6 |
| കൃഷിപ്പണി | : | 37 |
| വളം | : | 16 |
| വിതയും നാട്ടിയും | : | 34 |
| നീർവാർച്ച | : | 18 |
| വിള, കൊയ്ത്ത് | : | 42 |
| കീടനിരോധനം | : | 5 |
| കാലിവളർത്ത് | : | 39 |

ഉഴച്ച് ഉണ്ണലിന്റെയും വിതച്ചു കൊയ്യലിന്റെയും ജീവിതപരിസരമാണ് ഈ പഴഞ്ചൊല്ലുകളിൽ ഉയിർക്കൊള്ളുന്നത്. 'പത്തിരട്ടിച്ച വാണിഭത്തേക്കാൾ വിത്തിരട്ടിച്ച കൃഷി നല്ലൂ' എന്നാണ് അവയിലെ ജീവിതവീക്ഷണം. നിരന്തര ജാഗ്രത വേണ്ട ഒരു പണിയാണ് കൃഷി. അതുകൊണ്ട് 'ഓട്ടക്കാരന് പാട്ടം ചേരില്ല' എന്ന് അവ നിഷ്കർഷിക്കും. വേറെയും ഉണ്ട് നിഷ്കർഷ. 'ഒരുത്തനും കരുത്തനും വളഞ്ചിയനും വണ്ണത്താനും'കൃഷിക്ക് കൊള്ളുകയില്ല. ഒരുത്തൻ ഒറ്റയാൻ. ഒറ്റയാൾക്ക് ചെയ്തുതീർക്കാവതല്ലല്ലോ ഉഴവുതൊട്ട് മെതിവരെയുള്ള പണികൾ. 'കരുത്തു കാട്ടി ചെയ്യേണ്ടതല്ല', തഞ്ചം നോക്കി ച്ചെയ്യേണ്ടതത്രേ കൃഷി. അതുകൊണ്ട് കരുത്തനും കൊള്ളില്ല. വളഞ്ചിയൻ (അമ്പട്ടൻ), വണ്ണത്താൻ എന്നിവർക്ക് വേറെ പിടിപ്പതുപണിയുണ്ട്. അവരും കൃഷിക്കാരാവാൻ പറ്റിയവരല്ല. വെറ്റിലക്കൊടി ഇട്ടവന് വിരുന്നുപോകാൻ എവിടെ നേരം?

കാർഷികജ്ഞാനത്തിൽ കാലാവസ്ഥയെക്കുറിച്ചുള്ള അറിവിന് മുഖ്യമായ സ്ഥാനമുണ്ട്. കേരളത്തിന്റെ കാലാവസ്ഥയെക്കുറിച്ചു പലമട്ടിലുള്ള അറിവുകൾ പഴഞ്ചൊല്ലുകളായി പ്രചാരത്തിലുണ്ട്. ഓരോ മാസത്തിലെയും മഴയുടെയും വെയിലിന്റെയും അവസ്ഥ പറയുന്നതാണ് ഒരുരീതി. ചിങ്ങത്തിൽ ചിനുങ്ങിച്ചിനുങ്ങി 'മുച്ചിങ്ങം മഴയില്ലെങ്കിൽ അച്ചിങ്ങം മഴയില്ല' എന്നിങ്ങനെ. 'ചിങ്ങം കെട്ട മലയാളി' എന്ന പഴമൊഴി, മഴ, പിഴച്ച ചിങ്ങം വരുത്തുന്ന ദോഷങ്ങളിലേക്കാണ് ചൂണ്ടുക. "കന്നിയിലെ വെയിലും കയ്യരുടെ അടിയും, കന്നിക്കാച്ചിൽ" എന്നീ ശൈലികൾ കന്നിവെയിലിന്റെ ചൂടറിയുന്നവയത്രേ. തുലാപ്പത്തു കഴിഞ്ഞാൽ കൊയ്ത്ത് എന്നത് പുനംകൃഷി ആരംഭിക്കുന്നതിനെക്കുറിച്ചാണ്. കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും ചോറ് (കുന്നൊക്കെ ചോറ് എന്നും ഉണ്ട്), മീനത്തിൽ മഴ പെയ്താൽ മീനിനും ഇരയില്ല, മേടം തെറ്റിയാൽ മോടൻ തെറ്റി എന്നിവ അതാത് മാസങ്ങളിലെ മഴയും വെയിലും എങ്ങനെ വേണമെന്ന് നിരീക്ഷിക്കുന്നു. കുറച്ചുകൂടി കൃത്യമായ ഞാറ്റുവേലക്കണക്ക് പറയുന്ന പഴഞ്ചൊല്ലുകൾ കുറെയുണ്ട്. കാർത്തിക കഴിഞ്ഞാൽ മഴയില്ല. കർണ്ണൻ പട്ടാൽ പടയില്ല. വേനലറുതിയിലെ കാർത്തിക ഞാറ്റുവേ

ലയിലാണ് കിണറുകുഴിക്കാനും കുളം തേവാനും മറ്റും പറ്റിയകാലം. പിന്നെ എടവപ്പാതിവരെ മഴയില്ലെന്നാണ് വിവക്ഷ. തിരുവാതിര ഞാറ്റുവേല മിഥുനം ഏഴിന് തുടങ്ങുന്നു. അക്കാലത്തെ തിരിമുറിയാത്ത പെയ്ത്ത് പരക്കെ അറിയാവുന്നതത്രേ. പൂയ്യത്തിനു പെയ്താൽ പുല്ലും നെല്ല് എന്നുണ്ട്. 'പുണർതത്തടിയൻ', 'പൂയ്യം പുതുക്കിപ്പുതുക്കി', 'ആയില്യക്കള്ളനട്ടത്ത്', ഇത്തരം ചൊല്ലുകൾ അതാത് ഞാറ്റുവേലയിലെ മഴയുടെ തഞ്ചം ഉപദേശിക്കുന്നു. തുലാം 7 ന് തുടങ്ങുന്ന 'ചോതി ഞാറ്റുവേലയിൽ ഒട്ടെങ്കിലും മഴകിട്ടണം'. അക്കാര്യം ഒരു പഴഞ്ചൊല്ലിന്റെ വടിവാർന്ന് 'ചോതി പെയ്താൽ ചോറുറച്ചു' എന്നായി. 'പൂരവെള്ളം പുണ്യാഹം', 'അത്തവെള്ളം പിത്തവെള്ളം' മുതലായ ചൊല്ലുകളും അതാത് ഞാറ്റുവേലപ്പെയ്ത്തിന്റെ ഗുണദോഷ ചിന്തയുൾക്കൊള്ളുന്നു.

കാലംനോക്കി കൃഷി; മേളംനോക്കി ചാട്ടം എന്നാണ് പ്രമാണം 'കാലാവലോകനം' കാര്യസാധ്യത്തിനു ആവശ്യമെന്ന നിലവിട്ട് അന്ധവിശ്വാസത്തോളം ചെന്നിട്ടുണ്ട്. മുഹൂർത്തം, കരണം എന്നിങ്ങനെ പലപല സങ്കല്പങ്ങളിൽ അവ ജ്യോതിഷവും ഗണിതവും മറ്റുമായി വികസിക്കുന്നു. മുഹൂർത്തങ്ങളെക്കുറിച്ചുള്ള ബോധത്തിന്റെ തന്നെ ഒരുയർന്നരൂപമാണ് മുഹൂർത്ത ഭ്രാന്തിന്റെ വിമർശം. അത്തരം വിമർശങ്ങളാണ് ചില പഴഞ്ചൊല്ലുകളിൽ. 'നാളും പക്കവും നോക്കിയവനെ, വെച്ചോ വട്ടി'. നല്ലനേരവും ഗണിച്ചുനോക്കിയിരുന്നു കാലംപിഴച്ചാൽ പിന്നെ വിത്തിന്റെ വട്ടി വെച്ചേക്കുകയല്ലാതെ വയലിലേക്കെടുത്തിട്ടു കാര്യമില്ല എന്നുസാരം.

നെടുനാളത്തെ പരിചയവും അനുഭവവും കൊണ്ട് പ്രകൃതിസൂചനകളുടെ അർത്ഥം കാണുന്ന ചൊല്ലുണ്ട്. 'കാറെടുത്ത് വടക്കോട്ടെങ്കിൽ കൂടെടുത്ത് കുന്നത്ത്', പെയ്ത് പ്രളയമായിപ്പോവും എന്നാണ്. 'കാറെടുത്ത് തെക്കോട്ടെങ്കിൽ കൂടെടുത്ത് കുണ്ടില്'. താണ നിലത്തും മഴവെള്ളത്തെ പേടിക്കണ്ട. തെക്കോട്ടുപോയ കാറും വടക്കോട്ടുപോയ ആളും എന്നുണ്ട്. കാറ് തെക്കോട്ട് നീങ്ങിയാൽ മഴയില്ല എന്നർത്ഥം. വടക്കോട്ട് എന്നതുകൊണ്ട് കാശിക്കുപോയ ആളെയാണ് സൂചിപ്പിക്കുന്നത്. വാഹനങ്ങളും ഗതാഗതസൗകര്യങ്ങളും മറ്റും ഇല്ലാതിരുന്ന പഴയകാലത്തിൽ കാശിയിലേക്ക് പോകുന്നപോക്ക് ഒടുക്കത്തെപ്പോക്കിന് സമമായിട്ടാണ് കേരളത്തിൽ കരുതിപ്പോകുന്നത്. കാശി യാത്രക്കു പോയ ആൾ വരില്ല. അതുപോലെ തെക്കോട്ടുപോയ കാറു പെയ്യില്ല. തെക്കൻ കാറ്റിന്റെ ഈ സ്വഭാവം പലചൊല്ലുകൾക്ക് വിഷയമാണ്. 'തെക്കൻ കാറ്റടിച്ചാൽ കൊണ്ട കാളയെ വിൽക്കാം'. മഴയില്ലാത്തതുകൊണ്ട് ഉഴവിന് പോവേണ്ടതില്ല എന്ന് ഒരേറ്റച്ചൊല്ല്.

ഉഴവിന്റെ മെച്ചമാണ് വിളവിന്റെ മെച്ചമെന്ന് വിളിച്ചുപറയുന്ന ചൊല്ലുകളേറെയുണ്ട്. 'കുറഞ്ഞ വിത്തിനേറെ പൂട്ട്', 'ഉണ്ണോരുടെ ഭാഗ്യം ഉഴുതേടം കാണാം' എന്നിവപോലെ. ഉഴവിന്റെ രീതിയാണ് വേറെചിലതിൽ. അകലെ ഉഴുത് പകലേ പോകരുത്. കണ്ടത്തിൽ അവിടെയും ഇവിടെയും രണ്ടുനാലു വരവരച്ചപോലെ അകത്തി ഉഴുത് നേരത്തെ പണികഴിച്ചു പൊയ്ക്കളയരുത്. അടുപ്പിച്ച ചാലു പൂട്ടണംഎന്നർത്ഥം. 'ചെരണ്ടിപ്പൂട്ടിയാൽ വരണ്ടിക്കൊയ്യാം'.

കൊഴു അമർത്താതെ ചെരണ്ടിയപോലെ ഉഴുതാൽ കൊയ്യാൻ കാലത്ത് വരണ്ടിയെടുക്കാൻ മാത്രമേ വിളകാണൂ എന്ന്. 'വിത്താഴം ചെന്നാലേ പത്തായം നിറയൂ'. 'ആഴത്തിൽ വിത്തിടാൻ ആഴത്തിൽ ഉഴണം'. 'തൊണ്ണൂറുചാലു പൂട്ടി വെണ്ണീരുവാരി എറിഞ്ഞാൽ ഒന്നുക്കായിരം വിള'.

മണ്ണ് പാകപ്പെടുത്തുന്നതും മരങ്ങൾക്ക് കുഴിയെടുക്കുന്നതും മറ്റും ഏറെ ശ്രദ്ധിക്കേണ്ട പണികളാണ്. പലപ്പോഴും തിരക്കിട്ട് ചെയ്യുന്നതുകൊണ്ടും അജ്ഞതകൊണ്ടും പിഴച്ചുപോകാവുന്നവയുമാണ്. അത്തരം പിഴവുകളെ തിരുത്തുന്ന പഴഞ്ചൊല്ലുകളുണ്ട്. 'കൊത്തുകഴിഞ്ഞാൽ പത്തുണക്കം' എന്നത് പുനം കൃഷിയുടെ കാര്യമാണ്. കാടുകൊത്തിക്കൊത്തിക്കഴിഞ്ഞ് പത്ത് ദിവസമെങ്കിലും ഉണങ്ങാൻ വിടണമെന്ന്. പന്നി ചേറാടണം, കാട് പൊടിയാടണം, 'ചേറ്റിൽ കുത്തിയ കയ്യേ ചോറ്റിൽ കുത്തൂ'. 'ചേറായ പാടത്തു വേണം ഞാറു നടാൻ'. അങ്ങനെ നട്ട ഞാറിന് വിളയേറും. 'മുൻവിള പൊൻവിള' എന്നാണല്ലോ. അതായത്, 'കാലത്തേ വിതച്ചാൽ നേരത്തെ കൊയ്യാം'. നടുന്നതിലും വേണം ശ്രദ്ധ. ഞാറുനടുമ്പോൾ, 'വരമ്പുചാരി നട്ടാൽ ചുമരും ചാരി ഉണ്ണാം'. വിളവത്ര ഏറുമെന്ന്.

വിത്തിന്റെ നോട്ടമില്ലാത്തവന് കൃഷി ചെയ്യാനാവില്ല. 'വിത്തുഗുണം പത്തുഗുണം' എന്നുണ്ടല്ലോ. ഓരോന്നിന്റെ വിത്തും ഓരോ പാകത്തിലെടുക്കേണ്ടതിനെചൊല്ലി, ഒരു ചൊല്ലുണ്ട്. 'ആദി, പാതി, ഞാലി, പീറ്റ'–പിലാവുനടാൻ ഇളം പിലാവിന്റെ കോടികായ്ച്ച ചക്കയിൽനിന്നു കുരു എടുക്കണം. പകുതിപ്പാടൻ തെങ്ങിന്റെ തേങ്ങയാണ് തൈ പാവാൻ പാകം. വെറ്റിലക്കൊടിക്ക് ഞാലിക്കമ്പ് നടണം. പീറ്റക്കവുങ്ങിന്റെ അടക്കയാണ് കവുങ്ങിൻ തൈക്കുനടേണ്ടത്. ഇത്രയും കാര്യമാണ് നാലേ നാലുവാക്കിന്റെ ചിമിഴിൽ ഒതുങ്ങി ഒരു പഴമൊഴിയായി പ്രചരിച്ചുപോന്നത്.

പാകപ്പെടുത്തിയ മണ്ണിൽ നട്ടവിത്തിന് മഴയും വെയിലുമെല്ലാം പാകത്തിന് വേണം. അതിന്റെ നോട്ടവും പഴഞ്ചൊല്ലുകളിൽ പതിഞ്ഞുകിടപ്പുണ്ട്. മുതിരയ്ക്ക് മൂന്ന് മഴ എന്നാണ് പ്രമാണം. ചുണ്ടോൻ നട്ടുമുങ്ങണം; വിരിപ്പു നട്ടുണങ്ങണം. മുതിരയ്ക്ക് മഞ്ഞുചോരാതെ മുളവേണം എന്ന ചൊല്ലിൽ മുതിര മഞ്ഞുകാലത്തെ വിളയെന്നും വിത്തകലം പാടില്ലെന്നും കൂടി സൂചിതമായി. നല്ല വിളവിന് നല്ല വളവും വേണമല്ലോ. 'തഞ്ചത്തിന് വളവും വേണ്ട, വളത്തിന് തഞ്ചവും വേണ്ട' എന്നുപറയും. നല്ല തഞ്ചംനോക്കി ചെയ്ത കൃഷിക്ക് വളം പോലും കാര്യമല്ല എന്നും, വളം നന്നായി ചെയ്താൽ തഞ്ചം പോലും നോക്കേണ്ട എന്നുമാണ് താല്പര്യം. നീർവാർച്ചയുടെ കാര്യവും ചൊല്ലുകളിൽ സ്ഥലംപിടിച്ചിട്ടുണ്ട്. കൃഷിക്ക് വെള്ളം കിട്ടുന്നത് നാലുതരത്തിലാണ്. കുളനീര്, പനിനീര്, മലനീര്, വളനീര്. ഇവയിലേതെങ്കിലുമൊന്ന് കൂടിയേ കഴിയൂ.

ഓരോ വിളവിന്റെ മൂപ്പിനെക്കുറിച്ചും ചൊല്ലുവഴക്കങ്ങളുണ്ട്. 'പഴുക്കാൻ മുത്താൽ പറിക്കണം' എന്നത് പൊതുവായ ഒരുകാര്യം. നെല്ലിന്റെ മൂപ്പ്, പൂട്ടൽ പത്ത്, വിരിയപ്പത്ത്, വിളയംപത്ത്, കളംപത്ത് എന്നിങ്ങനെ അമ്പതു ദിവസമാണ്. കളം പത്ത് വിത്തിന്റെ പാകമാണ്. മുളക് കേരളത്തിന്റെ മികച്ചൊരു വിളവാണല്ലോ. അത് മൂന്നാംകൊല്ലം അമ്മിയേറും, നാലാംകൊല്ലം

നഗരംവാഴും. മൂന്നാം കൊല്ലത്തോടെ വീട്ടാവശ്യങ്ങൾക്ക് കിട്ടിത്തുടങ്ങും. നാലാം കൊല്ലമാകുമ്പോഴേയ്ക്ക് വില്പനക്കും കിട്ടും.

കാർഷികവൃത്തിയിൽ കാലി സമ്പത്തിനുള്ള പ്രാധാന്യം മലയാളത്തിന്റെ പഴമൊഴികളിൽ നിഴലിക്കുന്നുണ്ട്. കാലികളുടെ പ്രാധാന്യം മാത്രമല്ല, കന്നിന്റെ നോട്ടവും ചൊല്ലുകളുടെ വിഷയമാണ്. 'ഓത്തില്ലാത്തോൻ നമ്പൂരിയല്ല, പോത്തില്ലാത്തോൻ കൃഷിക്കാരനല്ല'. കന്നില്ലാ കൃഷിയും കണ്ണില്ലാ പെണ്ണും ആകാം. കന്നുകളിൽത്തന്നെ ആക്കം കൂടിയ പോത്തിന് ചൊല്ലുകളിൽ പ്രിയം കൂടും. 'പോത്തു പൂട്ടിയേടം പൊന്ന്, എരുതു പൂട്ടിയേടം നെല്ല്, മൂരി പൂട്ടിയേടം പുല്ല്. കന്നുള്ളവനേ കണ്ണുള്ളൂ' എന്നുപറഞ്ഞാൽ കഴിഞ്ഞല്ലോ. നല്ല കന്നിന്റെ നോട്ടവും ചൊൽച്ചിമിഴുകളിൽ കാണാം. 'മാടറിയാത്തവൻ മാട്ടകൊള്ളും'. പിന്നോട്ട് വളഞ്ഞകൊമ്പുള്ള കാളയാണ് മാട്ട. 'മാടറിയാത്തവൻ മേട്ടു കൊള്ളും'. അതിന്റെ ഫലം അനുഭവിക്കും എന്നുമുണ്ട്. ചെറുതു കുറുതു പണിക്ക് വിരുതൻ എന്നുപദേശമുണ്ട്. വാരിത്തളിച്ച പുള്ളിക്ക് കോരിക്കൊടുക്കണം പണം. മേലാകെ വാരിത്തളിച്ചപോലെ പുള്ളിയുള്ള കന്ന് മികച്ചതാണ്, അതിന് നല്ല വിലയും ഉണ്ട് എന്നർത്ഥം. അഞ്ചും കറുത്തത് നല്ല കന്നാണത്രേ. കണ്ണ് പേശി, കൊമ്പ്, കൊളമ്പ്, വാല് എന്നിവയാണ് കറുത്തിരിക്കേണ്ട അഞ്ചെണ്ണം. 'കൊമ്പിട അകന്ന്, കുളമ്പിട കൂടി, താടയിലൊട്ടി, മണിയിലൊളിച്ച് വാലൊരു കോലെങ്കിൽ– കോല തുവേണ്ട' താടയിലൊട്ടി എന്നുവച്ചാൽ താട ചെറുതായി എന്നും മണിയിലൊളിച്ചത് എന്നാൽ വൃഷണം ചുരുങ്ങിച്ചെറുതായി എന്നും മനസ്സിലാക്കണം.

പഴഞ്ചൊല്ലുകളിൽ വിളഞ്ഞുകിടക്കുന്ന അറിവിന് പലതലങ്ങളുണ്ട്. നിരീക്ഷണങ്ങളിൽനിന്നു നേടുന്ന നേരിട്ടുള്ള അറിവിന്റെ തലമാണൊന്ന്. അനുഭവ പരിചയങ്ങളിൽനിന്ന് ഊറിക്കൂടുന്ന അറിവിന്റേതായി വേറൊരു തലവും ഉണ്ട്. വിതയും നാട്ടിയും തമ്മിലുള്ള വ്യത്യാസം സൂചിപ്പിക്കുന്ന ചൊല്ല് ഉദാഹരിക്കാം. വിതച്ചു പണികഴിക്കാം; നട്ടു നെല്ലുണ്ടാക്കാം. വിതച്ചുപോന്ന് പണികഴിഞ്ഞു എന്ന് കരുതിയാൽ വിള മോശമാവും. ഞാറ് പറിച്ചുനടുകയാണെങ്കിൽ മുരടേറും, ഓരോ മുരടിനും കതിരും വളരും. കാർഷികജ്ഞാനത്തിന്റെ പലവിതാനങ്ങൾ പഴഞ്ചൊല്ലുകളിൽ തെളിയുന്നുണ്ടെന്നാണ് പറഞ്ഞത്.

മണ്ണിന്റെ തരാതരങ്ങളെക്കുറിച്ചും ഗുണദോഷങ്ങളെക്കുറിച്ചും മറ്റുമുള്ള അറിവ് പഴഞ്ചൊല്ലുകളിൽ താരതമ്യേന കുറവാണ്. എന്നാൽ ആ അറിവ് വാമൊഴി വഴക്കത്തിന്റെ തന്നെ മറ്റൊരുരൂപത്തിലുള്ള സ്ഥലനാമങ്ങളായി നടപ്പിലുണ്ട്. മണ്ണിന്റെ തരവും ഘടനയും സൂചിപ്പിക്കുന്നവയായി കരിമണ്ണൂര്, ചെമ്മണ്ണൂര്, ചെറുവണ്ണൂർ, പെരുമണ്ണൂര്, മണലൂര്, കല്ലൂര് തുടങ്ങി അനേകം ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാൻ കഴിയും. മണ്ണിലെ നീരൊഴുക്കിനെ സൂചിപ്പിക്കുന്ന പേരുകളുണ്ട്, നീർമണ്ണ, പുനലൂർ, കാലടി, ഒറവങ്കര, ഒറവമ്പുറം എന്നിങ്ങനെ. അതുപോലെ നീരോട്ടമില്ലായ്മയെയും പേരുകൊണ്ട് തിരിച്ചറിയാം. കാഞ്ഞൂര്, പാലക്കാട്, പാഴ് (എടപ്പാൾ പോലെ) മുതലായവ ഉദാഹരിക്കാം. മണ്ണിന്റെ കിടപ്പ്, ഏറ്റിറക്കങ്ങൾ തുടങ്ങി കൃഷിക്കാർ അറിഞ്ഞിരിക്കേണ്ട പ്രത്യേകതളോരോന്നും പേരുകൾ വിളിച്ചറിയിക്കും. മണ്ണ് കുഴിയായും

പൊഴിയായും ആഴിയായും കിടക്കുന്നതിനെ സൂചിപ്പിക്കുന്ന ധാരാളം പേരുകളുണ്ട്. ഉയർന്ന പ്രദേശങ്ങളെ പറമ്പെന്നും താണപ്രദേശങ്ങളെ പാടം എന്നും ചേർത്തുപറയുന്ന പേരുകൾ നടപ്പുണ്ട്. തളിപ്പറമ്പ്, കൂത്തുപറമ്പ്, തലയോലപ്പറമ്പ്, എണ്ണപ്പാടം, തളിയാഴ്ചപ്പാടം, നടാമ്പാടം എന്നിവപോലെ.

ഓരോ വിളവിനും പറ്റിയമണ്ണിനെ പേരുകൊണ്ട് തിരിച്ചറിയാം. അതുപോലെതന്നെ കൃഷിക്ക് നല്ലതോ ചീത്തയോ എന്നും. നെല്ലൂരും നല്ലൂരും തന്നെ ഉദാഹരണം. സ്ഥിരമായി ഓരോ വിളയ്ക്ക് നീക്കിവെച്ച മണ്ണിന് വിളവിന്റെ പേരുതന്നെ പറഞ്ഞുപോന്നിരുന്നു. ചാമപ്പറമ്പ്, മുതിരക്കണ്ടി, കരിമ്പിൻകാല, കമുകറ (കഴുങ്ങിന്റെ അറ) എന്നിങ്ങനെയുള്ള പേരുകൾ ഓർക്കാം. കൃഷിയുമായി നേരിട്ട് ബന്ധപ്പെട്ട അറിവില്ലെങ്കിലും കാർഷിക സമൂഹം അറിഞ്ഞിരിക്കേണ്ട പല വസ്തുതകളും പേരുകളിൽ പകർന്നു വച്ചതായിക്കാണാം. മണ്ണിലെ ധാതുനിക്ഷേപങ്ങളെ സൂചിപ്പിക്കുന്ന പേരുകൾ ഒരുദാഹരണമാണ്. ഇരുമ്പയിരിന്റെ സാന്നിധ്യം കാണിക്കുന്ന അയിരുമട, ഇരുമ്പയം, ഇരുമ്പുഴി, ഇരുമ്പനം എന്നൊക്കെയുള്ള പേരുകൾ ഉണ്ടല്ലോ. വെള്ളാരപ്പള്ളി, വെങ്കപ്പാറപ്പൊയിൽ തുടങ്ങിയ പേരുകൾ വെള്ളാരങ്കല്ലിന്റെ സാന്നിധ്യവും കുറിക്കുന്നു. പൊന്നരിപ്പാൻകുണ്ട് പൊന്നിന്റെ സാന്നിധ്യത്തെ കാണിക്കും.

എല്ലാവർക്കും ലഭ്യമാകുമാറ് സാമൂഹികവത്കരിക്കപ്പെട്ട അറിവാണ് സ്ഥലനാമങ്ങളിലുള്ളത്. ചൂണ്ടുപലകകൾ പോലെ സമൂഹമധ്യത്തിൽ തുറന്നുകിടക്കുന്നവയാണല്ലോ പേരുകൾ. അത്രതന്നെ അനാവൃതമല്ലെങ്കിലും പഴഞ്ചൊല്ലുകളും സാമൂഹികവത്കരിക്കപ്പെട്ട അറിവിന്റെ ചീളുകൾ തന്നെ. ഈ അറിവുകളുടെ തന്നെ സമഗ്രരൂപത്തിലുള്ള വ്യവസ്ഥാപിതപാഠം ഉണ്ട്. അതെല്ലാവർക്കും പ്രാപ്യമായിരിക്കില്ലല്ലോ. ഉദാഹരണത്തിന് ഗൃഹ്യസൂത്രഭാഗങ്ങളും പരാശരഗീതിപോലെയുള്ള ഗ്രന്ഥങ്ങളും ഉൾക്കൊള്ളുന്ന കാർഷികജ്ഞാനം. വിശേഷജ്ഞാനികളുടെ കൈമുതലാണ് എന്നുവച്ച് ഈ അറിവ് അവയുടെ കുത്തകയായിരുന്നു എന്നല്ല. നിരന്തരം പ്രയോഗിക്കപ്പെട്ടുകൊണ്ടിരിക്കുന്ന അറിവെന്ന നിലയിൽ അതിന്റെ ജനകീയപാഠം സമൂഹത്തിന് സിദ്ധമായിരുന്നു.

ജനകീയപാഠത്തിന് നല്ലൊരുദാഹരണമാണ് കൃഷിഗീത. കോളനീകരണത്തിനു മുമ്പത്തെ നമ്മുടെ കാർഷികജ്ഞാനം പ്രകടമാക്കുന്ന ഈ പാഠം പാട്ടുരൂപത്തിലാണ്. പാന, തുള്ളൽ എന്നീ നാടൻ വൃത്തങ്ങളിൽ നാല് പാദങ്ങളിലായിട്ടാണ് ഇതിന്റെ രചന. ആഖ്യാനരൂപംകൊണ്ട് അത് കേരളോല്പത്തിയെ അനുസരിക്കുന്നു. 'കൃഷിചെയ്യും പ്രകാരങ്ങളൊക്കെയും' വിവരിക്കുന്ന നാലുപാദങ്ങളിൽ ആദ്യത്തേത് വരുംകാലത്തേക്കുള്ളൊരു കോപ്പുകൾ ഒരുമ്പെട്ടു കരുതേണ്ടതിന്റെ ആവശ്യം എടുത്തു പറഞ്ഞുകൊണ്ടാരംഭിക്കുന്നു. തൊഴുത്തിന്റെ നിർമാണം, കാലി ശുശ്രൂഷ, ഉപകരണസംഭാരം, ഭൂമി പാകപ്പെടുത്തൽ തുടങ്ങി അനുപേക്ഷണീയങ്ങളായ ചില മുന്നൊരുക്കങ്ങളെക്കുറിച്ച് അതിൽ പൊതുവായിപ്പറയും. പുരകെട്ടുന്നതിനുള്ള ഒരുക്കങ്ങൾ, പറമ്പിനുള്ള വേലി, കത്തിക്കാനുള്ള വിറക് മുതലായി പാർപ്പിടവുമായി ബന്ധപ്പെട്ട പലതിനെക്കുറിച്ചും കൂട്ടത്തിൽ പറയുന്നുണ്ട്. ഉപ്പുതൊട്ട് കർപ്പൂരം വരെയുള്ള നിത്യോപയോഗ വസ്തുക്കളുടെ

ഒരുക്കൂട്ടലിനെപ്പറ്റിയുമുണ്ട് പ്രസ്താവം. രണ്ടാംപാദത്തിൽ ഭൂമിക്കുള്ളൊരു നന്മയും തിന്മയും വിസ്തരിക്കുന്നു. മണ്ണിന്റെ സ്ഥിതിയും കാറ്റിന്റെ ഗതിയും അടിയിലെ നീരുറവകളും അതിൽ പ്രതിപാദന വിഷയങ്ങളാണ്. പലതരം ഉഴവുകളെക്കുറിച്ചും ഞാറ്റുവേലപ്പണികളെക്കുറിച്ചും വിത്തിനങ്ങളെക്കുറിച്ചും വിളവിന്റെ ശത്രുക്കളെക്കുറിച്ചും സൂക്ഷ്മമായ നിരീക്ഷണങ്ങൾ കൂട്ടത്തിലുണ്ട്. പൊതുവെ നെൽക്കൃഷിയെപ്പറ്റിയുള്ള വിശദചിന്തയാണ് ഈ പാദത്തിന്റെ കാതൽ. മൂന്നാംപാദം തിനവർഗങ്ങളുടെയും പയറുവർഗങ്ങളുടെയും കൃഷിയെപ്പറ്റി പറഞ്ഞുകൊണ്ടുതുടങ്ങുന്നു. ഭൂപ്രകൃതി ഭേദങ്ങൾ അനുസരിച്ചുള്ള കൃഷിയുടെ വിവരണമാണ് അത്. ഓരോ ഞാറ്റുവേലയിലും ചെയ്യേണ്ട കൃഷിപ്പണികളേയും വെവ്വേറെ എടുത്തുപറയുന്നു. നെൽക്കൃഷി മാത്രമല്ല, ഫലവൃക്ഷങ്ങൾ, വെറ്റില, കുരുമുളക് എന്നിവയും പ്രാധാന്യേന വിസ്തരിക്കുന്നുണ്ട്.

കൃഷിയുടെ മുഹൂർത്തം പറഞ്ഞുകൊണ്ടാണ് നാലാം പാദം തുടങ്ങുന്നത്. ജ്യോതിഷ സ്പർശമുള്ള നിരീക്ഷണങ്ങൾ, വർഷപാതക്കണക്കുകൾ എന്നിങ്ങനെ പ്രകൃതിജ്ഞാനത്തിന്റെ നാനാവശങ്ങൾ അവിടെ അവതരിപ്പിക്കുന്നു. കുന്ന്, പറമ്പ്, കരപ്പുറം, താണ വീതി, വെള്ളക്കെട്ട് എന്നിങ്ങനെ ഭൂപ്രകൃതിയെ തരംതിരിക്കുന്ന ഒരുരീതി കൃഷിഗീതയിലുണ്ട്. ഇത് പുറംകാഴ്ച കൊണ്ടറിയാവുന്ന ഒരുതരം തിരിവാണ്. ഇതിനുപുറമേ ഈ തരങ്ങളിലോരോന്നിന്റെയും പരിസ്ഥിതി വ്യവസ്ഥയിലേക്ക് കൂടി കണ്ണെത്തുന്ന വകതിരുവ് കാണാം. കൃഷിക്കാരന്റെ നോട്ടത്തിൽ ഓരോ ഭൂമിക്കുള്ള നന്മതിന്മകൾ അറിഞ്ഞുകൊണ്ട് ഭൂമിയെ തരംതിരിക്കുന്നു എന്നതാണ് ഇവിടെ എടുത്തുപറയേണ്ട സംഗതി. വെള്ളത്താവളമുള്ളേടം, തൂക്കലേറെയുള്ളേടം, മണലും മണ്ണും കൂടിയ ഭൂമി എന്നിങ്ങനെയുള്ള തരംതിരുവകൾ ഈ പരിസ്ഥിതി ബോധത്തിനുദാഹരണമാണ്. ഓരോ പരിസ്ഥിതിവ്യവസ്ഥയിലും സ്വീകരിക്കേണ്ട കൃഷിതന്ത്രങ്ങളെക്കുറിച്ച് കൃഷിഗീതയിൽ നിർദേശമുണ്ട്. വെള്ളത്താവളമുള്ളേടം പള്ളമുണ്ടാക്കിക്കൊള്ളണം. കോൾനിലത്തിൽ കോൾ ത്തോണി കൊണ്ടു തേവിവറ്റിച്ച് കള്ളിമാടി വേണം വിതയ്ക്കാൻ. വെള്ളം വേഗം തൂകിപ്പോകുന്ന തൂക്കലുള്ള സ്ഥലത്ത് വെള്ളത്തിന് 'കഴായ' കീറരുത്. മണലും മണ്ണും കൂടി ഭൂമിയിൽ വളയിട്ടിട്ടേ പണിയാവൂ എന്നാണ് പ്രമാണം. ചില പരിസ്ഥിതിവ്യവസ്ഥകളിൽ കൃഷി ചെയ്തിട്ട് ഫലമില്ലെന്ന് വിധിക്കുന്നുണ്ട്. 'അഴി കണ്ണിയായുള്ളോരു പാടം', ഉഭയങ്ങളിൽ കീഴ്പാറയുള്ളേടം, എല്ലാ നാളും ഉറവുള്ള മണ്ണ്, ആറ്റു വലിയുള്ള കോട്ടപ്പാടം എന്നിവയിൽ വിളവില്ല പോൽ. ആറുനീരൊഴുകുന്ന ഭൂമി, കരിമ്പാറയുടെ വയൽ, ഉറവിലെന്നിരിക്കിലും ഉറവൊഴുകുന്ന ഭൂമി എന്നിവ നല്ല വിളവുള്ള തരങ്ങളാണ്. ഓരോ ഭൂമിയിലും പ്രാധാന്യേന വളർന്നുകാണുന്ന സസ്യജാലങ്ങളെ ലക്ഷണമാക്കി കൃഷിക്ക് പറ്റിയതോ അല്ലാത്തതോ എന്ന ഒരു തരംതിരിവ് കാണാം. തുമ്പക്കാട്ടിലും ഇരുൾക്കാട്ടിലും ഇല്ലിക്കാട്ടിലും ചെങ്ങണപ്പുല്ലിലും വിതച്ചിട്ട് കാര്യമില്ലെന്നു പറയും. അവയൊക്കെ പറ്റാത്ത തരങ്ങൾ. ചിലേടത്ത് ചിലപ്രത്യേക വിത്തേ പറ്റൂ എന്നുണ്ട്. തകരക്കാട്ടിലും കൊഴിഞ്ഞിൽ പറമ്പിലും പേഴുള്ള കാട്ടിലും പറ്റിയത് ചെറുമോടനത്രേ. കൃഷി

രീതിയെ വയൽ ക്കൃഷിയെന്നും പറമ്പുകൃഷിയെന്നും രണ്ടായി വേർതിരിച്ചിരിക്കുന്നു. കുന്നുംപുറങ്ങളിലും മലഞ്ചരിവുകളിലും നടത്തുന്ന കൃഷികൂടി പറമ്പുരീതിയിൽ പെടും. പറമ്പിൽ പ്രാധാന്യേന ഫലവൃക്ഷങ്ങളും കായ്കറികളുമാണ്. വയലിലാവട്ടെ നെല്ലും. എന്നാൽ പറമ്പിൽ ചെയ്യുന്ന നെൽക്കൃഷിയുണ്ട്. അതുപോലെ വയലിൽചെയ്യുന്ന ഇടവിളകളും. ഏത് കൃഷിയായാലും മഴത്തഞ്ചം നോക്കിവേണം. ഉഴവ്, ഊർച്ച, വരമ്പുമാടൽ തുടങ്ങിയവ നിശ്ചിതസമയത്ത് അതാതിന്റെ ചിട്ടപ്പടി ചെയ്യണം. കൂട്ടനാടൻ വയലുഴുന്നത് ചാലുതൂർത്താവണമെന്നുണ്ട്. പത്ത് ചാല് ഉഴവു ചെല്ലണമെന്നാണ് നിഷ്കർഷ. 'കൊട്ടി'കൊണ്ട് തല്ലി കട്ടയുടയ്ക്കണം.

കന്നുകാലികളുടെ ശുശ്രൂഷയ്ക്ക് കൃഷിഗീത വലിയപ്രധാന്യം നല്കുന്നു. കൃഷിക്ക് കന്ന് അനുപേക്ഷണീയമായതുകൊണ്ടുതന്നെ എന്നുവ്യക്തം. കന്നിനെ പോറ്റാനറിയാത്തവൻ കൃഷിചെയ്യാൻ തുനിഞ്ഞിട്ട് കാര്യമില്ല എന്ന് കൃഷിഗീത പറയുന്നു. തൊഴുത്ത് നിർമാണവും കാലിസംരക്ഷണവും നിഷ്കർഷയോടെ വിവരിച്ചിരിക്കുന്നു. തൊഴുത്ത് പടുക്കേണ്ടതെങ്ങനെ, പുല്ലുവട്ടി കെട്ടേണ്ടതെങ്ങനെ, എന്നൊക്കെ മാത്രമല്ല, വെള്ളപ്പാത്തികൾ ഇടേണ്ടതെങ്ങനെ, വളക്കുഴി കുഴിക്കേണ്ടതെങ്ങനെ എന്നുംകൂടി പ്രാധാന്യത്തോടെ നിർദേശിക്കും. കാലിശുശ്രൂഷയിലെ കൃഷിക്കണ്ണ് ഇവിടെ സ്പഷ്ടമാണല്ലോ. കാർഷിക സമൂഹത്തിൽ കന്നിനുള്ള പ്രാധാന്യം കൃഷിഗീത പേർത്തും പേർത്തും വെളിപ്പെടുത്തുന്നുണ്ട്. നല്ല കന്നിന്റെയും ചീത്തക്കന്നിന്റെയും ലക്ഷണങ്ങൾ വിസ്തരിച്ചുതന്നെ പ്രതിപാദിച്ചിരിക്കുന്നു. പുകലില്ലാത്ത മണ്ണിൽ കരിവലിപ്പിച്ച് കന്നിനെ കൊല്ലരുതെന്നും കളിയായിട്ടുപോലും കന്നിനെ തല്ലരുതെന്നും നിർദേശമുണ്ട്. കന്നിന്റെ മൂല്യം ഇതിനെക്കാൾ വ്യക്തമായി ആവിഷ്കരിക്കാനാവില്ല. ഉഴവിനുത്തമം കരിങ്കന്ന്, കന്നിനെയും പോത്തിനേയും ഒരുമിച്ചുകെട്ടി ഉഴുന്നതു വർജ്യം അങ്ങനെ പോകുന്നു കൃഷിഗീതയിലെ മറ്റുനിർദേശങ്ങൾ. ഉഴവിനുവേണ്ട എല്ലാ ഉപകരണങ്ങളെക്കുറിച്ചും കൃഷിഗീത പരാമർശിക്കുന്നുണ്ട്. ഊർച്ച, വെള്ളക്കാല്, മരങ്ങൾ, പാത്തിച്ചവിട്ടി എന്നിവയുടെ ഉപയോഗത്തെപ്പറ്റി പ്രാധാന്യത്തോടെ പറയുന്നു. മണ്ണൊരുക്കുന്നതിന്റെ സാങ്കേതികതയിലേക്കുള്ള സൂചനയാണിത്. പ്രയത്ന ജ്ഞാനത്തെക്കുറിച്ചുള്ള സൂചന. ഉപകരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട പ്രയോഗസാങ്കേതികത എടുത്തുകാട്ടുന്ന അനേകം തരംതിരിവുകളുണ്ട്. വാൽപ്പിടി, തുളയ്ക്കൽ പിടി, കോൽക്കരി എന്നിങ്ങനെ. വാൽക്കൊഴു, ചെവിക്കൊഴു, പാത്തിക്കൊഴു എന്നിങ്ങനെ കൊഴുവിനുമുണ്ട് തരഭേദങ്ങൾ. ഉഴവുചാലിന്റെ ആഴവും വീതിയും ആവശ്യാനുസരണം ക്രമപ്പെടുത്താൻ വേണ്ടിയാണ് കരിയും കൊഴുവും തരഭേദങ്ങളോടെ സംവിധാനം ചെയ്യപ്പെടുന്നത്. ഇവയുടെ സമർത്ഥമായ പ്രയോഗത്തെക്കുറിച്ചുമുണ്ട് നിഷ്കർഷ. കണ്ടത്തിലെല്ലായിടത്തും ഉഴവെത്തിക്കാൻ മുമ്പിൽത്തെളിക്കുന്ന കന്നിനെ വിശേഷിച്ചും ശ്രദ്ധിച്ചു നടത്തണമെന്ന് പറയും. ആഴത്തിൽ ഉഴവുചെല്ലാൻ തുളക്കൽ പിടിയുള്ള കരിയും വാൽക്കൊഴുവും വേണം. നേർത്ത ചാലിനാവട്ടെ വാൽപിടിക്കരിയും ചെവിക്കൊഴുവുമാണ് യുക്തം. അത്ര സൂക്ഷ്മമാണ് നിർദേശങ്ങളെന്ന് അർത്ഥം.

വ്യത്യസ്ത ഗുണങ്ങളുള്ള മണ്ണിലും പരിസ്ഥിതിവ്യവസ്ഥകളിലും തഴയ്ക്കുകയും കൂടുതൽ മേനിവിളയുകയും ചെയ്യുന്ന വിത്തുകളെപ്പറ്റി കൃഷിഗീത വിസ്തരിക്കുന്നുണ്ട്. അവയുടെ പരിചരണ സമ്പ്രദായവും വിപുലമായിത്തന്നെ നിർദ്ദേശിച്ചിരിക്കുന്നു. പ്രധാനമായും നെല്ലിനെക്കുറിച്ചാണ് പറയുന്നതെങ്കിലും തെങ്ങ്, കവുങ്ങ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളുടെ വിത്തുകളെപ്പറ്റിയും പരാമർശിക്കും. വഴുതന, ചീര, ചേന, ചേമ്പ് മുതലായ നടുവനങ്ങളെപ്പറ്റിയുമുണ്ട് പ്രസ്താവം. എള്ള്, ചാമ, തിന, പയറുവർഗങ്ങൾ എന്നിവയുടെ വിത്തുകളെപ്പറ്റിയും കൃഷിയെപ്പറ്റിയും വിവരിക്കുന്നുണ്ട്. കള്ളിനും ചക്കരയ്ക്കുമുള്ള ഈറമ്പനയും പുരമേയാനും കുടകെട്ടാനും വേണ്ട കുടപ്പനയും എഴുത്തോലയ്ക്കുള്ള എഴുത്തോലപ്പനയും എങ്ങനെ നട്ടുവളർത്തണമെന്ന് കൃഷിഗീത ഉപദേശിക്കുന്നു.

കൃഷിഭൂമിയുടെ മട്ടും മാതിരിയും അനുസരിച്ച് വെവ്വേറെ വിത്തുകളുണ്ട്.വിത്തുകളെ വയലിലേക്കുള്ളവയെന്നും പറമ്പിലേക്കുള്ളവയെന്നും വേർതിരിച്ചു പറയും. പറമ്പിൽത്തന്നെ തണലുള്ളേടത്തേക്കു വേറെ, വെയിലുള്ളേടത്തേക്കു വേറെ. പറമ്പിലും മലയിലും കുന്നിൻ ചരിവിലും മോടനും കഴമയുമാണ് ചേർന്ന വിത്തുകൾ. കാച്ചൽ പറമ്പിൽ മോടനും കാനൽ പറമ്പിൽ ചെറുമോടനും, പറമ്പൻമോടനും പറമ്പൻ കഴമയും വെയിലേറുള്ള പറമ്പിലും ചെറുമോടൻ തണൽപ്പറമ്പിലുമാണ് വിതയ്ക്കേണ്ടത് എന്നർത്ഥം. മണ്ണിന്റെ തരവും നീർപ്പറ്റും നോക്കി ഓരോന്നിനും ചേർന്ന നെൽവിത്തുകൾ കൊടുത്തിട്ടുണ്ട്. കുട്ടാടൻ, വട്ടൻ, മുണ്ടപ്പള്ളി, കട്ടിച്ച, കരിപ്പാലി, കരിങ്കൊറ, അടിവിരി, ചെന്താർ മണിയൻ, കുമ്പളവൻ, മുണ്ടകമ്പാല, കൊടനിറ, അരിക്കിലാരി എന്നിങ്ങനെ പോകുന്നു അവയുടെ ജനുസുകൾ. ഈ തരംതിരിവുകൾ വയലുകളുടെ കാര്യത്തിലും ഉണ്ട്. പുഞ്ചപ്പാടം, മുണ്ടകൻ പാടം, വിരിപ്പുപാടം എന്നിങ്ങനെ. ചില വിത്തിനങ്ങളെ വയൽത്തരങ്ങൾ വഴി സൂചിപ്പിക്കുന്നപോലെ ചില വയലുകളെ വിത്തിനങ്ങൾ കൊണ്ടും സൂചിപ്പിക്കും. മുണ്ടകൻ വിത്ത്, കുട്ടാടൻ വിത്ത് തുടങ്ങിയവ. ഓരോന്നും ഓരോ കൃഷിരീതിയായിട്ടാണ് പറയുക. പുഞ്ചകൃഷി, കുട്ടാൻ കൃഷി എന്നിങ്ങനെ. വിത്തേതായാലും വളമില്ലാതെ വിതച്ചിട്ടുകാര്യമില്ല. പൊടിച്ചവളവും ചാരവും കൂടി വളരെ കോരിയിടണം എന്നാണുപറയുക. തോലിടാതെ കരിംകൊറ വേണ്ട. കരിങ്കൊറ വിത്തിന് പച്ചിലവളം പ്രധാനം എന്നുചുരുക്കം. വയലിലായാലും പറമ്പിലായാലും പച്ചിലയും പച്ചിലവളവും പ്രധാനം എന്നുചുരുക്കം. വയലിലായാലും പറമ്പിലായാലും പച്ചിലയും ചാണകവും തന്നെ. ചാണകത്തെ വളമെന്ന പദംകൊണ്ടാണ് വ്യഹരിക്കുക. അതുപോലെ വളപ്രയോഗത്തെ ഔഷധ പ്രയോഗമെന്നും. കള മുളയ്ക്കാതിരിക്കാൻ വളം ചുടുകയത്രേ നല്ലൂ. കാരോലത്തുമ്പ്, കനാല്, കരിഞ്ചാഴി, കള, വരി, വിലക്ക് എന്നിങ്ങനെ ആറെണ്ണമാണ് കൃഷിയുടെ ശത്രുക്കൾ. കൃഷിക്കുചേരാത്ത സാഹചര്യംതന്നെ കൃഷിയുടെ ശത്രു എന്നുസാരം. കാരോലത്തുമ്പും കരിഞ്ചാഴിയും പോലുള്ള ചാഴിക്കേടിനെയും തണൽ, വിലക്ക് എന്നിവപോലുള്ള സാഹചര്യങ്ങളെയും ഒരേരീതിയിലാണ് കാണുന്നത്. ചാഴിക്കേടിനെ വളംകൊണ്ടുനേരിടുന്നു. സാഹചര്യത്തെ സ്വയം അകന്നുനിന്നും വളം വലി

യനായ കളയെ പറിച്ചുതന്നെ നീക്കണം. പറിച്ചൊഴിച്ചാലും ഒഴിയാത്ത കളയെപ്പറ്റി പറയുന്നുണ്ട്. അതാണ് വരി. ഭൂമിയുടെ ഭേദമാണ് വരിശല്യത്തിന് കാരണമെന്ന് ചിലരും അതല്ല വിത്തുദോഷമാണെന്ന് വേറെ ചിലരും കരുതുന്നതായി കൃഷിഗീത പറയുന്നു. സ്ഥിരപ്പെട്ട ഒരറിവു മാത്രമല്ല, നാട്ടുനടപ്പിലെ വകഭേദങ്ങളും അറിവിന്റെ വീണ്ടുവിചാരവും കൂടി ഉൾപ്പെട്ടതാണ് നാട്ടറിവ് എന്ന് ഇത് വ്യക്തമാക്കുന്നു.

മഴയുടെ വരവും പോക്കും പെയ്ത്തിന്റെ അളവും മാതിരിയും എന്നിവയെപ്പറ്റിയൊക്കെ സൂക്ഷ്മ നിരീക്ഷണം നടത്തുന്നതാണ് പ്രകൃതിജ്ഞാനത്തിന്റെ ഒരു മുഖ്യവശം. പറക്കണക്കിനാണ് മഴയുടെ അളവ്. ഒറ്റപ്പറകൾ സമവൃഷ്ടിയേയും ഇരട്ടപ്പറകൾ അനാവൃഷ്ടിയേയും കുറിക്കും. മഴ പ്രവചിക്കുന്നത് കാറ്റിന്റെ ഗതി നോക്കിയാണ്. കാറ്റുവീശുന്ന കാലത്തിന്റെ ഏഴാം മാസം പെയ്യുമത്രേ. ചിത്ര ഞാറ്റുവേലയിൽ (തുലാമാസം) കാറ്റു വീശിയാൽ വരുന്ന ഇടവപ്പാതിക്ക് മഴ നിശ്ചയമെന്നാണ്. അശ്വതിയിൽ (മേടമാസം) കാറ്റടിച്ചാൽ തുലാത്തിൽ മഴ തീർച്ച. മകരത്തോളം വീശും കാറ്റ് കൊണ്ട് മേടം മുതൽ മേഘത്തിനു ഗർഭം. കർക്കടകത്തോടെ പേറും. ഇങ്ങനെ ഗണിതങ്ങൾ പലതുണ്ട്. ഞാറ്റുവേലകൾക്കൊപ്പിച്ചാണ് കൃഷിപ്പണിയുടെ ക്രമീകരണം. സൂര്യൻ (ഞായറ്) ഒരു നക്ഷത്രത്തിൽ നിൽക്കുന്ന വേല അഥവാ സമയം ആണ് ഞായിറ്റുവേല അഥവാ ഞാറ്റുവേല. ഇന്ന ഞാറ്റുവേല ഇന്ന വിത്തിന് ഇന്ന പണി എന്നു നിഷ്കർഷയുണ്ട്. ഭരണി മുതൽ തിരുവാതിരയോളം അതാതു പരിസ്ഥിതിക്കുപറ്റിയ വിത്തുവിത. മിക്കവിത്തുകളും ഭരണിക്ക് (മേടം ആദി) വിത കഴിയും. കട്ടിച്ച, കാർത്തികയിലും രോഹിണിയിലും പതിവുണ്ട്. ചിലേടങ്ങളിൽ അരിവിരിപ്പുവിത തിരുവാതിരയോളം നീളും. പുണർതത്തിൽ വിതക്കുന്നവൻ ഗുണം പിടിക്കുകയില്ല. മൂപ്പുകൂടിയ വിത്തിനങ്ങളായ കുട്ടാടനും കരിപ്പാലിയും അരിവിരിപ്പും കാലം വൈകിച്ചുകൂടാ. ചേമ്പു, ചേന, കരിമ്പുകൾക്ക് രോഹിണിക്കുമുമ്പ് കൂമ്പുവരണം. പൊതുവേ പറമ്പുകൃഷിമുഴുവനും രോഹിണിയാണ് (പുതുമഴയ്ക്ക്). വിത്തിന്റെ മൂപ്പും കരുത്തും നോക്കിയാണ് ഓരോന്നിനേയും പറ്റിയ ഞാറ്റുവേലയോട് ചേർത്തിരുന്നത്.

പെയ്ത്തു വെള്ളത്തെപ്പറ്റി മാത്രമല്ല, ഊറ്റുവെള്ളത്തെപ്പറ്റിയുമുണ്ട് നിരീക്ഷണങ്ങൾ. ആറുതരം അടി നീരൊഴുക്കുകളെക്കുറിച്ചു പറയും: കൊളനീര്, വനനീര്, കൽനീര്, വളനീര്, മലനീര്, ഊർനീര്. ഈ ആറുനീരും ഉള്ളേടത്ത് വിള പൊടിപൊടിക്കും. ഉറവുള്ള മണ്ണ്, ഉറവില്ലാത്ത മണ്ണ്, ഉറവില്ലെങ്കിലും ഉറവൊഴുകുന്ന മണ്ണ് എന്നൊക്കെയുള്ള തരംതിരിവുകൾ നീരൊഴുക്കിന്റെ അടിസ്ഥാനത്തിലുള്ളവയാണല്ലോ. നീരൊഴുക്ക് സംബന്ധമായ കുറ്റവും കുറവും നികത്തി മണ്ണിനെ കൃഷിക്ക് കൊള്ളിക്കാൻ തന്ത്രങ്ങൾ നിർദേശിച്ചിട്ടുണ്ട്. പ്രയത്നജ്ഞാനത്തിൽപെടുന്ന സാങ്കേതികവിദ്യയും ഉപകരണബോധവും ഇവിടെ സ്പഷ്ടമാണ്. വെള്ളം ഇല്ലാത്തേടത്തേക്ക് തിരിവെള്ളമോ തേകു വെള്ളമോ എത്തിക്കുന്ന തന്ത്രമൊന്ന്; വെള്ളം കൂടിയ കോൾപ്പാടം കോരിവറ്റിക്കുന്ന തന്ത്രം വേറൊന്ന്. ഒന്ന്, തോട്ടം കഴായയും കീറുന്ന വിദ്യയും മറ്റേത്, തേക്കു കൊട്ടകളും കോൾത്തോണികളും ഉപ

യോഗിക്കുന്ന ഉപകരണപയോഗവും. ഇങ്ങനെ അനുഭവജ്ഞാനം വഴി വികസിച്ചുവന്ന സമഗ്രമായ അറിവാണ് കൃഷിയെക്കുറിച്ചുള്ള പഴഞ്ചൊല്ലുകളുടെ അർത്ഥപ്രപഞ്ചം.

### വേരറ്റുപോയ കൃഷിസമ്പ്രദായം

ആരുമറിയാതെ ഒരു തലമുറയുടെ ഉള്ളംകൈ ചോർന്ന് ചേതപ്പെട്ടുപോയ നാടൻ കൃഷിരീതിയെക്കുറിച്ചാണ്. മണ്ണിന്റെ തരവും മഴയുടെ തഞ്ചവും ഞാറ്റുവേലപ്പകർച്ചകളും നോക്കി ഉഴവും ഊർച്ചയും വിതയും കൊയ്ത്തും നടത്തിപ്പോന്ന നമ്മുടെ പാരമ്പര്യത്തെപ്പറ്റി. നെടുനാളത്തെ നിരീക്ഷണങ്ങളിൽനിന്നും പ്രയോഗങ്ങളിൽ നിന്നും വിജയകരമെന്ന് ബോധ്യപ്പെട്ട രീതികളും വഴക്കങ്ങളും ഉണ്ടായിരുന്നു. അവ കുന്നുകളും മലകളും പറമ്പുകളും പൊയിലുകളും നിറഞ്ഞ് പൊങ്ങിയും താണും കിടക്കുന്ന മലനാടിന്റെ പരിസ്ഥിതിക്കനുകൂലമായി ഒരു കൃഷിസംമ്പ്രദായം ചിട്ടപ്പെടുത്തി. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സന്തുലനാത്മകമായ സഹവർത്തിത്വ വ്യവസ്ഥയായിരുന്നു അത്. മലയാള മണ്ണിന്റെ സ്വത്വഗുണമുള്ള ഒരു സമഗ്ര കാർഷികജ്ഞാനം അതുൾക്കൊണ്ടിരുന്നു. ജനതയുടെ നിലനില്പിന്റെയും പരിരക്ഷയുടെയും താളം ആ വ്യവസ്ഥയിൽ സ്പന്ദിച്ചു; ജീവികാസ്പദമായ ആ പാരമ്പര്യമാണ് ഓർക്കാപ്പുറത്ത് കൈവിട്ടുപോയത്. കോളനിവാഴ്ച കൊണ്ടുവന്ന അന്യമായ ഒരു പരിഷ്കൃതിയുടെ ഉരുൾപൊട്ടലിൽ ആ കാർഷികത്തനിമ കുത്തിയൊലിച്ചുപോയി. സംസ്കാരരൂപങ്ങളിലെല്ലാം അതിക്രമിച്ചിറങ്ങിപ്പടർന്ന് പാരമ്പര്യത്തിന്റെ അടിത്തറ പിളർന്നുവളർന്ന കൊളോണിയലിസത്തിന്റെ സർവഗ്രാഹക ശക്തിയെക്കുറിച്ച് പറയേണ്ടതില്ലല്ലോ.

ഇന്നാട്ടുകാർക്ക് കൃഷിചെയ്യാനറിഞ്ഞുകൂടെന്നായിരുന്നു കൊളോണിയൽ ഉദ്യോഗസ്ഥമേധാവികളുടെ കണ്ടുപിടുത്തം. അവരുടെ റിപ്പോർട്ടുകളിൽ നാടൻ കൃഷിയെ അപരിഷ്കൃതമെന്നു വിളിച്ചു. കാർഷിക സമൂഹത്തെ ഉത്പാദനക്ഷമത കുറഞ്ഞ യാഥാസ്ഥിതിക സമ്പ്രദായത്തിന്റെ അശാസ്ത്രീയതയിൽ മുരടിച്ചു നിൽക്കുന്നതായി കുറ്റപ്പെടുത്തി. ഇത് കേരളത്തെക്കുറിച്ച് മാത്രമുള്ള വ്യവഹാരമല്ല ഇന്ത്യൻ കാർഷിക മേഖലയെക്കുറിച്ചൊട്ടാകെയുള്ള കൊളോണിയൽ ധാരണ ഇതായിരുന്നു. കൊളൊണിയൽ ധാരണകളെ കോളനീകരണ പ്രക്രിയയുമായി ബന്ധപ്പെടുത്തി മനസ്സലാക്കേണ്ടതുണ്ട്. ഒരു വ്യവഹാരപാഠത്തിന്റെ പ്രയോഗംവഴി നാട്ടുകാരെ കോളനിജനതയാക്കിമാറ്റുന്ന സങ്കീർണമായ ഏർപ്പാടാണിത്. കോളനീകരണത്തിൽ അറിവും യാഥാർത്ഥ്യബോധവും അടിമുടി മാറിമറിയും. അങ്ങനെയാണ് കോളനിജനതയുടെ രൂപവത്കരണം സാധിക്കുന്നത്. തന്നെപ്പറ്റിയും സാമൂഹത്തെപ്പറ്റിയും ഉള്ള ധാരണകളും തനതായ മൂല്യസങ്കല്പങ്ങളും കുത്തിച്ചോർത്തപ്പെട്ട അവർ പുതിയൊരു ജ്ഞാനശാസ്ത്രത്തിന്റെ ഘടകങ്ങൾ കുത്തിനിറച്ച നിറവുകോലങ്ങളായി മാറുന്നു. കോളനിജനതയുടെ യുക്തിഘടന പരിഷ്കൃതം അപരിഷ്കൃതം, ശാസ്ത്രീയം അശാസ്ത്രീയം, ലാഭം ചേതം തുടങ്ങിയ കുറേ വിപരീതയുഗ്മങ്ങളിൽ അധിഷ്ഠിതമാണ്. ഈ യുക്തിഘടന താന്താങ്ങളെ അപരിഷ്കൃതരും അശാസ്ത്രീയരുമാക്കി ഇകഴ്ത്തി

അന്യാധീനപ്പെടുത്തുന്നു. ഈ അന്യാധീനപ്പെടൽ കേവലം വ്യക്തിഗതമായ മാനസാന്തരത്തിന്റെ പ്രശ്നമല്ല, ഒരു സംസ്കാരപരിസരത്തിന്റെ അന്യവൽക്കരണമാണ്. അങ്ങനെ അപരിഷ്കൃതവും അശാസ്ത്രീയവുമായി മുദ്രയടിച്ച സംസ്കാരങ്ങളാണ് ഏത് കോളനിജനതയ്ക്കും ഉണ്ടാവുക. ഈ പ്രക്രിയ വഴി നഷ്ടമാവുന്നത് സ്വത്വത്തെ അർത്ഥപൂർണമാക്കുന്ന ഘടകങ്ങളാണ്. അത്തരം അപരിഹാര്യമായ ഒരു ഘടകനഷ്ടമാണ് ഇവിടെ ചിന്താവിഷയം.

### *നാടൻ കാർഷികവിദ്യയുടെ മാർഗരേഖ*

കോളനീകരണത്തിന് മുമ്പത്തെ നമ്മുടെ കാർഷിക ജ്ഞാനം പ്രകടമാക്കുന്ന ഒരു വാങ്മയമുണ്ട്. കൃഷിഗീത. പാന, തുള്ളൽ എന്നീ വൃത്തങ്ങളിൽ നാലു പാദങ്ങളായിട്ടാണ് ഇതിന്റെ രചന. ആഖ്യാനരൂപംകൊണ്ട് അത് കേരളോല്പത്തിയുടെ ഘടനയെ അനുസരിക്കുന്നു. ഇതിഹാസ പുരാണാദികളിലെ നീതിമത്കരണക്ഷമതയാർന്ന ഘടനാരൂപമാണിത്. ഇതുൾക്കൊള്ളുന്ന ജ്ഞാനം വാർത്തുവെക്കാൻ ഉപയൊഗിച്ചിരിക്കുന്നത് വാങ്മയപാരമ്പര്യത്തിന്റെ മൂശയാണെന്നു ചുരുക്കം. അങ്ങനെ ഒന്നിന്റെ കൃത്യമായ കാലമേത്, കർത്താവാര്, ഇത്യാദി ചോദ്യങ്ങൾക്കല്ല പ്രസക്തി. അതിലെ ജ്ഞാനതലത്തിന്റെ ചരിത്ര സന്ദർഭത്തെക്കുറിച്ചുള്ള അന്വേഷണത്തിന്നാണ്. ചരിത്രസന്ദർഭത്തിന്നാണ് കൂടുതൽ അർത്ഥവത്തായ രീതിയിൽ കാലത്തെ അഭിവ്യഞ്ജിപ്പിക്കാൻ കഴി യുക. കോളനീകരണത്തിന് മുമ്പുള്ള കേരളീയ കാർഷികവൃത്തിയാണ് അതിന്റെ സന്ദർഭം. അതുകൊണ്ട് സ്പഷ്ടീകരിക്കുന്ന കാലം കോളനീകരണത്തിനുമുമ്പത്തെ കാലംതന്നെ. പൊതുവെ പറഞ്ഞാൽ ക്ഷേത്രകേന്ദ്രിത ഗ്രാമങ്ങളുടെ കാലത്തെ കാർഷികജ്ഞാനമാണിതിന്റെ കാതൽ. ഗംഗാസമതലങ്ങളിലെ ആദിമ കാർഷിക പരിചയത്തിൽനിന്ന് രൂപപ്പെട്ട ആശ്വലായന, ശാംഖായന ഗൃഹ്യസൂത്രങ്ങളിലെ മാർഗവിധികളിലേക്ക് ഇതിന്റെ അനുസ്യൂതിയെ പിന്തുടർന്നുചെല്ലാൻ കഴിയും. കാലാകാലങ്ങളിൽ ഭൗതിക പരിഷ്കൃതിയിലുണ്ടായ മാറ്റങ്ങൾക്കൊപ്പം കാർഷികജ്ഞാനത്തിന്റെ പാഠരൂപത്തിലും ഉപചയാപചയങ്ങൾ സംഭവിക്കുന്നു. മാർഗിയുടെ പാഠമാതൃകയിൽ ഉപചയാപചയങ്ങളോടെ രൂപംകൊണ്ട ദേശീയപാഠഭേദങ്ങളിൽ ഒന്നാണ് കൃഷിഗീത എന്ന് അനുമാനിക്കാം. ഗുരുമുഖത്തുനിന്ന് പുറപ്പെടുന്ന ഉപദേശം പോലെ സർവാദരണീയമായ പാഠമാണത്. അതുകൊണ്ട് കാര്യകാരണബന്ധത്തെ അടിസ്ഥാനപ്പെടുത്തിയുള്ള വിശദീകരണങ്ങളുടെ രീതി കാണുകയില്ല. കണ്ണും പൂട്ടി അനുസരിക്കേണ്ട വിധിനിഷേധങ്ങളുടെ രൂപത്തിലാണവ കാണുക. വിധിനിഷേധങ്ങൾക്കും ആചരണത്തിനും ഇടയ്ക്ക് പ്രകടമായ ഒരു വിടവുണ്ട് ഇവിടെ. ആ വിടിവിലൂടെയാണ് കോളോണിയൽ വ്യവഹാരപാഠത്തിന്റെ ന്യായഘടനയ്ക്ക് പ്രവർത്തിക്കാൻ കഴിഞ്ഞത്.

കേരളത്തിന്റെ ഭൂപ്രകൃതിയിലും കാലാവസ്ഥയിലും വ്യാപരിച്ച് തെറ്റിയും തിരുത്തിയും നേടിയ അനുഭവജ്ഞാനവും നെടുനാളത്തെ പ്രവൃത്തിപരിചയവും വഴി നിരീക്ഷിണ പ്രമാണമെന്ന നിലയിൽ സ്വീകാര്യമായ പ്രയോഗപദ്ധതിയാണ് ഈ മാർഗരേഖ. കൃഷിചെയ്യും പ്രകാരങ്ങളൊക്കെയും വിവരിക്കുന്ന നാലു പാദങ്ങളിൽ ആദ്യത്തേത് വരുംകാലത്തേയ്ക്കുള്ളൊരു കോപ്പുകൾ ഒരുമ്പെട്ട് കരുതേണ്ടതിന്റെ ആവശ്യം എടുത്തുപറഞ്ഞുകൊണ്ട്

ആരംഭിക്കുന്നു. തൊഴുത്തിന്റെ നിർമിതി, കാലിശുശ്രൂഷ, ഉപകരണ സംഭരണം, ഭൂമി പാകപ്പെടുത്തൽ, തുടങ്ങിയ ആനുപേക്ഷണീയങ്ങളായ അനേകം മുൻകരുതലുകളെക്കുറിച്ച് അതിൽ പൊതുവായിപ്പറയും. പുരകെട്ടുന്നതിന്നുള്ള ഒരുക്കങ്ങൾ, പറമ്പിനുള്ള വേലി, കത്തിക്കാനുള്ള വിറക് തുടങ്ങി പാർപ്പിടവുമായി ബന്ധപ്പെട്ട പല ഒരുക്കങ്ങളെക്കുറിച്ചും കൂട്ടത്തിൽ പറയുന്നുണ്ട്. ഉപ്പുതൊട്ട് കർപ്പൂരംവരെയുള്ള നിത്യോപയോഗ വസ്തുക്കളുടെ ഒരുക്കൂട്ടലിനെപ്പറ്റിയുമുണ്ട് പ്രസ്താവം. ഭൂമിക്കുള്ളൊരു നന്മയും തിന്മയും വിസ്തരിക്കുന്ന രണ്ടാംപാദത്തിൽ മണ്ണിന്റെ സ്ഥിതിയും കാറ്റിന്റെ ഗതിയും അടിയിലെ നീരുറവകളും പ്രതിപാദന വിഷയങ്ങളാണ്. പലതരം ഉഴവുകളെക്കുറിച്ചും ഞാറ്റുവേലപ്പണികളെക്കുറിച്ചും വിത്തുകളുടെ തരങ്ങളെക്കുറിച്ചും കൃഷിയുടെ ശത്രുക്കളെക്കുറിച്ചും സൂക്ഷ്മയായ നിരീക്ഷണങ്ങൾ കൂട്ടത്തിലുണ്ട്. പൊതുവെ നെൽക്കൃഷിയെപ്പറ്റിയുള്ള വിശദ ചിന്തയാണ് ഈ പാദത്തിന്റെ കാതൽ. തിനവർഗങ്ങളുടെയും പയറുവർഗങ്ങളുടെയും കൃഷിയെപ്പറ്റി പറഞ്ഞുകൊണ്ടു തുടങ്ങുന്ന മൂന്നാംപാദത്തിൽ ഭൂപ്രകൃതി ഭേദങ്ങളനുസരിച്ചുള്ള കൃഷിയുടെ വിവരണമാണ്. ഓരോ ഞാറ്റുവേലയിലും ചെയ്യേണ്ട കൃഷിപ്പണികളെയും എടുത്തുപറയും. നെൽക്കൃഷി മാത്രമല്ല, ഫലവൃക്ഷങ്ങൾ, വെറ്റില, കുരുമുളക് എന്നിവയും പ്രാധാന്യേന വിസ്തരിക്കുന്നു. കൃഷിയുടെ മുഹൂർത്തങ്ങൾ പറഞ്ഞുകൊണ്ടാണ് നാലാം പാദത്തിന്റെ തുടക്കം. ജ്യോതിഷസ്പർശമുള്ള നിരീക്ഷണങ്ങൾ കഴിഞ്ഞ് വർഷപാതക്കണക്കുകളായി തൊട്ടുപുറകെ പറയുന്നു. കന്നിന്റെ ലക്ഷണം. സൂക്ഷ്മവും വിശദവുമായ ആ വിവരണത്തോടെ ഭാർഗവീയ ചരിതത്തിൽ കൃഷിഗീതാ സമാപ്തം.

### *ഭൂപ്രകൃതിയും കൃഷിരീതികളും*

കുന്ന്, പറമ്പ്, കരപ്പുറം, താണ വീതി, വെള്ളക്കെട്ട് എന്നിങ്ങനെ പുറംകാഴ്ച കൊണ്ടറിയാവുന്ന ഒരുതരം തിരിവു മാത്രമല്ല കൃഷിഗീതയിലുള്ളത്. ഇവയിലോരോന്നിന്റെയും പരിസ്ഥിതി വ്യവസ്ഥയിലേക്കു കണ്ണെത്തുന്ന വക തിരിവുകൂടിയുണ്ട്. കൃഷിക്കാരന്റെ നോട്ടത്തിൽ ഓരോ ഭൂമിക്കുമുള്ള നന്മതിന്മകൾ അറിഞ്ഞുകൊണ്ട് ഭൂമിയെ തരംതിരിക്കുന്നു എന്നതാണ് പ്രധാനം. വെള്ളത്താവളമുള്ളേടം തൂക്കലേറെയുള്ളേടം, മണലും മണ്ണും കൂടിയ ഭൂമി എന്നിങ്ങനെയുള്ള തരംതിരിവുകൾ ഈ പരിസ്ഥിതിബോധത്തിന് ഉദാഹരണമാണ്. പരിസ്ഥിതിബോധത്തെ ആധാരമാക്കി ഓരോ ഭൂപ്രകൃതിയിലും സ്വീകരിക്കേണ്ട കൃഷിതന്ത്രങ്ങളുണ്ട്. വെള്ളത്താവളമുള്ളേടത്ത് പള്ളമുണ്ടാക്കിക്കൊള്ളണം. കോൾനിലത്ത് കോൾത്തോണികൊണ്ട് തേവിവറ്റിച്ച് കള്ളിമാടി വിതയ്ക്കണം. വെള്ളം വേഗം തൂകിപ്പോകുന്ന തൂക്കലുള്ള സ്ഥലത്ത് വെള്ളത്തിന് കഴായ കീറരുത്. മണലും മണ്ണും കൂടിയ ഭൂമിയിൽ/പണിയേണം വളമിട്ടിട്ടേവരും എന്നാണ് പ്രമാണം. ചില പരിസ്ഥിതി വ്യവസ്ഥകളിൽ കൃഷിചെയ്തിട്ടു ഫലമില്ലെന്ന് വിധിക്കുന്നുണ്ട്. അഴികണ്ണിയായുള്ളോരും പാടം, ഉഭയങ്ങളിൽ കീഴ്പാറയുള്ളേടം, എല്ലാനാളുമുറവുള്ള മണ്ണ്, ആറ്റുവലിയുള്ള കോട്ടപ്പാടം എന്നിവയിൽ വിളവില്ല പോൽ. ആറ് നീരൊഴുകീടുന്ന ഭൂമി, കരിമ്പാറയുടെ വയൽ, ഉറവില്ലെന്നിരിക്കിലും ഉറവൊഴുകുന്ന ഭൂമി എന്നിവ നല്ല വിള

 81C401

വുള്ള തരങ്ങളാണ്. ഓരോ ഭൂമിയിലും പ്രാധാന്യേന വളർന്നുകാണുന്ന സസ്യങ്ങളെ ലക്ഷണമാക്കി കൃഷിക്കു പറ്റിയതോ അല്ലാത്തതോ എന്ന ഒരു തരംതിരിവുകാണാം. തുമ്പിക്കാട്ടിലും ഇരുൾക്കാട്ടിലും ഇല്ലിക്കാട്ടിലും ചെങ്ങണപ്പുല്ലിലും വിതച്ചിട്ടു കാര്യമില്ലെന്നാണ്. അവയൊക്കെ പറ്റാത്ത തരങ്ങൾ. ചിലേടത്ത് ചില പ്രത്യേക വിത്തേ പറ്റൂ. തകരക്കാട്ടിലും കൊഴുഞ്ഞിൽപറമ്പിലും പേഴുള്ള കാട്ടിയും പറ്റിയത് ചെറുമോടൻ.

കൃഷിരീതിയെ വയൽക്കൃഷിയെന്നും പറമ്പുകൃഷിയെന്നും രണ്ടായി വേർതിരിച്ചിരിക്കുന്നു. കുന്നുംപുറങ്ങളിലും മലഞ്ചെരുവുകളിലും നടത്തുന്ന കൃഷി കൂടി പറമ്പുരീതിയിൽ പെടും. പറമ്പിൽ പ്രാധാന്യേന ഫലവൃക്ഷങ്ങളും കായ്കറികളുമാണ്. വയലിലാവട്ടെ നെൽക്കൃഷിയും. എന്നാൽ പറമ്പിൽ ചെയ്യുന്ന നെൽക്കൃഷിയുമുണ്ട്. വയലിൽ ചെയ്യുന്ന ഇടവിളകളും, പറമ്പിന്റെ മട്ടും മാതിരിയും അനുസരിച്ച് വേറേവേറേ വിത്തുകളുണ്ട്. കാച്ചിൽ പറമ്പിൽ മോടൻ കാനൽപറമ്പിൽ ചെറുമോടനും. തരംതിരിവുകൾ വയലുകളുടെ കാര്യത്തിലുമുണ്ട്. പുഞ്ചപ്പാടം, മുണ്ടകൻപാടം, വിരിപ്പുപാടം എന്നിങ്ങനെ. ചില വിത്തുകളെ വയൽത്തരങ്ങളിലൂടെ സൂചിപ്പിക്കുന്നതുപോലെ ചില വയലുകളെ വിത്തിനങ്ങൾ വഴിയായും സൂചിപ്പിക്കും. മുണ്ടകൻ വിത്ത്, പുഞ്ചവിത്ത്, കുട്ടനാടൻ വിത്ത്, തുടങ്ങിയവ. ഓരോന്നും ഓരോ കൃഷിരീതീയായിട്ടാണ് പറയുക -- പുഞ്ചകൃഷി, കുട്ടനാടൻകൃഷി എന്നിങ്ങനെ.

ഏത് കൃഷിയായലും മഴത്തഞ്ചം നോക്കി വേണം. ഉഴവ്, ഊർച്ച, വരമ്പുമാടൽ തുടങ്ങിയവ നിശ്ചിതസമയത്ത് അതാതിന്റെ ചിട്ടപ്പടി ചെയ്യണം. കുട്ടനാടൻ വയലിൽ ഉഴുന്നത് ചാലു തൂർത്തുവേണം. പത്തുചാല് ഉഴവുചെല്ലണം. കൊട്ടികൊണ്ട് തല്ലി കട്ടയുടയ്ക്കണം. സാമാന്യമായി പത്തുചാൽ ഉഴവ് വിളഭൂമിക്ക് ചെന്നിരിക്കണമെന്നാണ് വിധി.

***കന്നു കരിയും***

കൃഷിക്കു കന്ന് അനുപേക്ഷണീയമാണ്. കന്നിനേപ്പോറ്റാൻ അറിയാത്തവൻ കൃഷിചെയ്യാൻ തുനിഞ്ഞിട്ട് കാര്യമില്ല. കന്നുകാലികളുടെ ശുശ്രൂഷയ്ക്ക് കൃഷിഗീത വമ്പിച്ച പ്രാധാന്യമാണ് കൊടുക്കുന്നത്. തൊഴുത്തു നിർമാണവും കാലിസംരക്ഷണവും നിഷ്കർഷയോടെ വിവരിച്ചിരിക്കുന്നു. തൊഴുത്തു പടക്കേണ്ടതെങ്ങനെ, പുല്ലുവട്ടി കെട്ടേണ്ടതെങ്ങനെ, വെള്ളപ്പാത്തികളിടേണ്ടതെങ്ങനെ, വളക്കുഴി കുഴിക്കേണ്ടതെങ്ങനെ -- എല്ലാം ഓരോന്നോരോന്നായി പറയുന്നു. കൃതിയുടെ അവസാനഭാഗത്ത് ഏതാണ്ട് നൂറ്റിയിരുപത് വരികൾ നല്ല കന്നിന്റെയും ചീത്ത കന്നിന്റെയും ലക്ഷണം വിവരിക്കാൻ വിനിയോഗിച്ചിരിക്കുന്നു. കാർഷിക സമൂഹത്തിൽ കന്നിന്റെ പ്രാധാന്യം കൃഷിഗീത പേർത്തും പേർത്തും വെളിപ്പെടുത്തുന്നുണ്ട്. പുകിലില്ലാത്ത മണ്ണിൽ കരിവലിപ്പിച്ച് കന്നിനെ കൊല്ലരുത്. കളിയായിട്ടുപോലും കന്നിനെ തല്ലരുത്. കന്നിന്റെ മൂല്യം ഇതിനേക്കാൾ തെളിവായി ആവഷ്കരിക്കാനാവില്ല.

ഉഴവിനു ഉത്തമം കരികന്ന്. കന്നിനേയും പോത്തിനേയും ഒരുമിച്ചു കെട്ടി ഉഴുന്നത് വർജ്യം. ഉഴവിനുവേണ്ട എല്ലാ ഉപകരണവിധാനത്തെക്കു

റിച്ചും പരാമർശിക്കുന്നുണ്ട്. കൂട്ടത്തിൽ ഊർച്ച, വെള്ളക്കാല്, മരങ്ങൾ, പാത്തിച്ചവിട്ടി എന്നിവയുടെ വർദ്ധിച്ച ഉപയോഗത്തെപ്പറ്റി പറയും. മണ്ണൊരുക്കുന്നതിന്റെ സാങ്കേതികതയിലേക്കുള്ള സൂചനയാണിത്. ഉപകരണങ്ങളിൽ ഏറ്റവും പ്രാധാനപ്പെട്ട കരിയുടെ പ്രയോഗസാങ്കേതികത സൂചിപ്പിക്കുന്ന അനേകം തരം തിരിവുകളുണ്ട്. വാൽപ്പിടി, തുളയ്ക്കൽപിടി, കോൽക്കരി എന്നിങ്ങനെ പോകുന്നു തരങ്ങൾ. വാൽക്കൊഴു, ചെവിക്കൊഴു, പാത്തിക്കൊഴു എന്നിങ്ങനെ കൊഴുവിനും തരഭേദങ്ങളുണ്ട്. ഉഴവുചാലിന്റെ ആഴവും വീതിയും ആവശ്യാനുസാരം ക്രമപ്പെടുത്താൻ വേണ്ടിയുള്ള തരഭേദങ്ങളാണിവ. ആഴത്തിൽ ഉഴവുചാൽ വേണ്ടേടത്ത് തുളയ്ക്കൽ പിടിയുള്ള കരിയും വാൽക്കൊഴുവും, നേർത്ത ചാലിന് വാൽപ്പിടിക്കരിയും ചെവിക്കൊഴുവും. കണ്ടത്തിലെല്ലായിടത്തും വേണ്ട രീതിയിൽ ഉഴവെത്തിക്കാൻ നിഷ്കർഷയുണ്ട്. മുമ്പിൽ ത്തെളിക്കുന്ന കന്നിനെ വിശേഷിച്ചും ശ്രദ്ധിച്ചുനടത്തണം എന്നു നിർദേ ശിക്കും. കണ്ടത്തിൽ എല്ലായിടത്തും ഉഴവെത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനാണിത്.

***വിത്തും വളവും***

വ്യത്യസ്ത ഗുണങ്ങളുള്ള മണ്ണിലും പരിസ്ഥിതി വ്യവസ്ഥകളിലും തഴയ്ക്കുകയും കൂടുതൽ മേനി വിളയുകയും ചെയ്യുന്ന വിത്തുകളും അവയുടെ പരിചരണ സമ്പ്രദായവും കൃഷിഗീത വിസ്തരിക്കുന്നു. പ്രാധാന്യേന നെല്ലിനെക്കുറിച്ചാണ് പറയുന്നതെങ്കിലും തെങ്ങ്, കമുങ്ങ്, പിലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളുടെ വിത്തുകളെപ്പറ്റിയും വഴുതന, ചീര, ചേമ്പ്, ചേന മുതലായ നടുവന വിത്തുകളെപ്പറ്റിയും എള്ള്, ചാമ, തിന, പയറുവർഗങ്ങൾ എന്നിവയുടെ വിത്തുകളെപ്പറ്റിയും പരാമർശിക്കും. കള്ളിനും ചക്കരയ്ക്കും വേണ്ടി ഈറമ്പനയും എഴുത്തോലയ്ക്കുള്ള എഴുത്തോലപ്പനയും പുരമേയാനും കുടകെട്ടാനും വേണ്ട കുടപ്പനയും നട്ടുവളർത്തുന്നതിനെപ്പറ്റിയുമുണ്ട് പ്രസ്താവം.

നെൽവിത്തുകളെ  പറമ്പിലേക്കുള്ളവയെന്നും വയലിലേക്കുള്ളവയെന്നും തിരിച്ചു കാണുന്നുണ്ട്. പറമ്പിൽതന്നെ തണലുള്ളേടത്തേയ്ക്ക് വേറെ, വെയിലുള്ളേടത്തേയ്ക്ക് വേറെ. പറമ്പിലും മലയിലും കുന്നിൻചെരുവിലും മോടനും കഴമയുമാണ് പതിവു വിത്തുകൾ. പറമ്പിൻ മോടനും പറമ്പൻ കഴമയും വെയിലേറുള്ള പറമ്പിലും ചെറുമോടൻ തണൽപ്പറമ്പിലും വിതയ്ക്കും. മണ്ണിന്റെ തരവും നീർപ്പറ്റും നോക്കി വയൽക്കൃഷിക്ക് അനേകം നെൽവിത്തുകൾ പറയപ്പെടുന്നു. കുട്ടാടൻ, വട്ടൻ, മുണ്ടമ്പള്ളി, കട്ടിച്ച, കരിപ്പാലി, കരിംകൊറ, അരിവിരി, ചെന്താർമണിയൻ, കുമ്പളവൻ, മുണ്ടകൻപാല, കൊടനിറ, അരിക്കിരാലി എന്നിങ്ങനെ പോകുന്നു അവയുടെ ജനുസ്സുകൾ. വിത്തേതായാലും വളമില്ലാതെ വിതച്ചിട്ട് കാര്യമില്ല. പൊടിച്ച വളവും ചാരവും കൂടി വളരെ കോരിയിടണം.

തോലിടാതെ, കരിംകൊറ വേണ്ടെന്നു പറയും. കരിംകൊറവിത്തിന് പച്ചിലവളം പ്രധാനമെന്ന് ചുരുക്കം. മണലും മണ്ണും ഏറിയ ഭൂമിയിൽ വളമേറെ ച്ചേർത്തു പണിയണം എന്നുമുണ്ട് വിധി. വയലിലായാലും പറമ്പിലായാലും പ്രധാന വളങ്ങൾ പച്ചിലയും ചാണകവും തന്നെ. ചാകണത്തെ വളം എന്ന പദംകൊണ്ട് വ്യവഹരിക്കുന്നത് കൃഷിഗീതയിൽ പതിവാണ്. വളപ്ര

യോഗത്തെ ഔഷധപ്രയോഗമായുംകൂടി സങ്കല്പിക്കും. കള മുളയ്ക്കാതിരിക്കാൻ വളം ചൂട്ടുചേർക്കുക എന്നാണ് പറയുക. കാരോലത്തൂമ്പ്, കാനല്, കരിഞ്ചാഴി, കള, വരി, വിലക്ക് എന്നിവയാണ് കൃഷിയുടെ ആറു ശത്രുക്കൾ. കൃഷിക്കുചേരാത്ത സാഹചര്യംതന്നെ കൃഷിയുടെ ശത്രു. കാരോലത്തൂമ്പും കരിഞ്ചാഴിയും പോലെയുള്ള ചാഴിക്കേടിനെയും, തണൽ, വിലക്ക് പോലുള്ള സാഹചര്യങ്ങളേയും ഒരേ രീതിയിലാണ് കാണുക. ചാഴിക്കേടിനെ വളം കൊണ്ട് നേരിടുന്നു. സാഹചര്യത്തെ സ്വയം അകന്നുനിന്നിട്ടും. വളം വലിയനായ കളയെ പറിച്ചുതന്നെ നീക്കണം. പറിച്ചൊഴിച്ചാലും ഒഴിയാത്ത കളയെപ്പറ്റി പറയും. അതാണ് വരി. ഭൂമിയുടെ ഭേദമാണ് വരിശല്യത്തിന് കാരണമെന്ന് ചിലർ. അതല്ല വിത്തുദോഷമാണ് എന്ന് വേറെ ചിലർ. നല്ലവിത്ത് തിരഞ്ഞെടുക്കുന്നതിലും ചേർന്ന വളം പ്രയോഗിക്കുന്നതിലും കവിഞ്ഞൊരു പ്രതിരോധതന്ത്രം പ്രാധാന്യേന പറഞ്ഞുക കാണുന്നില്ല.

### *മേഘത്തിന്റെ ഗർഭം*

കൃഷിയേതായാലും മഴത്തഞ്ചം നോക്കിവേണം. മഴയുടെ വരവിനെപ്പറ്റിയും പോക്കിനെപ്പറ്റിയും പെയ്ത്തിന്റെ അളവിനെപ്പറ്റിയും സൂക്ഷ്മ നിരീക്ഷണങ്ങളുണ്ട്. മഴ നോക്കിവേണം കൃഷി. പറക്കണക്കിലാണ് മഴയുടെ അളവ് പറയുക. ഒരു പറ, രണ്ടു പറ, മൂന്നു പറ, നാലു പറ. ഒറ്റപ്പറ്റ സമവൃഷ്ടിയേയും ഇരട്ടപ്പറ അനാവൃഷ്ടിയേയും സൂചിപ്പിക്കും. രണ്ടും നാലും പറ മഴ ചുരുങ്ങിയ അനാവൃഷ്ടി. കാറ്റിന്റെ ഗതി നോക്കി മഴ പ്രവചിക്കുന്ന ഒരു രീതിയുണ്ട്. കാറ്റുവീശുന്ന കാലത്തിന്റെ ഏഴാംമാസം മഴ പെയ്യും. "കാറ്റതുവീശും കാലത്തിന്റെ ഏഴാം മാസേ വർഷിക്കുന്നു" എന്നു പ്രമാണം. ചിത്രഞാറ്റുവേലയിൽ (തുലാമാസം) കാറ്റുവീശിയാൽ വരുന്ന എടവപ്പാതിക്ക് മഴ നിശ്ചയം. അശ്വതി ഞാറ്റുവേലയിൽ (മേടമാസം) കാറ്റടിച്ചാൽ തുലാത്തിൽ മഴ തീർച്ച. മകരത്തോളം വീശും കാറ്റുകൊണ്ട് മേടം മുതൽ മേഘത്തിന് ഗർഭമുണ്ടാകും. കർക്കിടകത്തോടെ പ്രസവം. ഇങ്ങനെ ഗണിതങ്ങൾ പലതുണ്ട്. നാലാംപാദത്തിൽ നാല്പതോളം വരികളുള്ള ഒരു ഖണ്ഡം മുഴുവൻ മഴയുടെ ഇത്തരം കാര്യങ്ങൾക്കുവേണ്ടി നീക്കിവെച്ചിരിക്കുന്നു.

ഞാറ്റുവേലകൾക്കൊപ്പിച്ചാണ് കൃഷിപ്പണിയുടെ ക്രമീകരണം. ഇന്ന ഞാറ്റുവേലയിൽ ഇന്ന വിത്തിന്ന് ഇന്ന പണി. ഭരണി മുതൽ തിരുവാതിരയോളം അതാത് പരിസ്ഥിതിയിൽ അതാതിന്നിണങ്ങുന്ന വിത്തുവിത. മിക്ക വിത്തുകളും ഭരണിക്ക് (മേടം പാടി) വിത കഴിയും. കട്ടിച്ച കാർത്തികയിലും രോഹിണിയിലും പതിവുണ്ട്. ചിലേടങ്ങളിൽ അരിവിരിപ്പു വിത തിരുവാതിരയോളം നീളും. പുണർതത്തിൽ വിതയ്ക്കുന്നവൻ ഗുണം പിടിക്കില്ല എന്നാണ്. മൂപ്പു കൂടിയ വിത്തിനങ്ങളായ കുട്ടാടനും കരിപ്പാലിയും അരിവിരിപ്പും കാലം വൈകിക്കരുത് എന്നുംപറയും. ചേമ്പുചേന കരിമ്പുകൾക്ക് രോഹിണിക്കുമുമ്പ് തൂമ്പു വരണം. പൊതുവെ പറമ്പുകൃഷി മുഴുവനും രോഹിണി, വിത്തിന്റെ മൂപ്പും കരുത്തും നോക്കിയാണ് പറ്റിയ ഞാറ്റുവേലയ്ക്ക് ചേർത്തിരുന്നത്.

പെയ്ത്തുവെള്ളത്തെപ്പറ്റി മാത്രമല്ല കരുതൽ കാണുന്നത്. അടിനീരുകളെപ്പറ്റിയും അറിവുണ്ട്. ആറുതരം നീരൊഴുക്കുകളെക്കുറിച്ചാണ് പറയുക. കൊളനീര്, വനനീര്, കൽനീര്, വളനീര്, മലനീര്, ഊർനീര്, ആറുനീരും ഉള്ളേടത്ത് വിള പൊടിപൊടിക്കും ഒരു നീരുമില്ലാത്ത ഇടങ്ങളുണ്ട്. ഉറവുള്ള മണ്ണ്, ഉറവില്ലാത്ത മണ്ണ് ഉറവില്ലെങ്കിലും ഉറവൊഴുകുന്ന മണ്ണ് എന്നൊക്കെ നീരൊഴുക്കിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിവുകാണുന്നു. നീരൊഴുക്കു സംബന്ധമായ കുറ്റവും കുറവും നികത്തി മണ്ണിനെകൃഷിക്ക് കൊള്ളിക്കാൻ തന്ത്രങ്ങളുണ്ട്. വെള്ളമില്ലാത്തേടത്ത് സൗകര്യംപോലെ തിരിവെള്ളമോ, തേകുവെള്ളമോ എത്തിക്കുന്നതാണ് ഒരു തന്ത്രം. വെള്ളം കൂടിയ കോൾപ്പാടത്ത് കോൾത്തോണികൊണ്ട് തേകി വറ്റിക്കും. അതുവേറൊരു തന്ത്രം.

### *വ്യവഹാരപാഠത്തിന്റെ പ്രസക്തി*

രാസവളങ്ങൾകൊണ്ടും കീടനാശിനികൾകൊണ്ടും പൊറുതിമുട്ടിയ സമകാല കാർഷിക സമൂഹത്തിന് സ്വാശ്രയത്തിന്റെ പ്രാധാന്യമുണർത്തിക്കാൻ പോന്ന ഒരു രേഖയാണ് കൃഷിഗീത. ഇതൊരു സൂചകം മാത്രമാണ്. നീണ്ടൊരു കാലയളവിൽ അനുഭവജ്ഞാനപരമായി വികസിച്ചുവന്ന സമഗ്രമായ പ്രയോഗസമുച്ചയത്തിന്റെ സൂചകം. കൃഷിഗീതയിൽ എല്ലാമില്ല. അവശിഷ്ടരൂപേണ ഇന്നും പഴമക്കാർക്കറിയാവുന്ന പല വിധിനിഷേധങ്ങളും അതിൽ വന്നിട്ടില്ല. ആ പ്രയോഗസമുച്ചയം അത്രമേൽ സ്വയം പര്യാപ്തമായിരുന്നു എന്നുചുരുക്കാം. കൃഷിഗീത സിദ്ധാന്ത ക്ലിപ്തത നഷ്ടപ്പെട്ട ഒരു നാടോടി വ്യവഹാരപാഠത്തിന്റെ ഭാഗമാണ്. അത്തരം അനേകം സംരചനകളുണ്ട്. പ്രകൃതി വ്യവസ്ഥയുടെ ഭാഗമായ മനുഷ്യജീവിതത്തെ ഗാഢമായി സ്പർശിക്കുന്ന ആ സംരചനകളിലൂടെ വേണം സ്വന്തം ധൈഷണിക മണ്ഡലം അപകോളനീകരിക്കുവാനും സ്വാശ്രയാസ്പദം വീണ്ടെടുക്കുവാനും.

---

81401

[സംസ്കാര കേരളം (1996, ഒക്ടോബർ) മാതൃഭൂമി ആഴ്ചപ്പതിപ്പ് (1993 ഏപ്രിൽ 18) എന്നിവയിൽ ഡോ. എം. ആർ രാഘവവാരിയരുമായി ചേർന്ന് പ്രസിദ്ധപ്പെടുത്തിയ ലേഖനങ്ങളോട് കടപ്പാട്.]